# താമരമൊട്ടുകൾ

വാല്യം 23 | സെപ്റ്റംബർ 2021 | ലക്കം 09 | Price ₹20



1st Anniversary in Heaven

ജനനം : 07.02.1934 | മരണം : 06.09.2020

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ സെപ്റ്റംബർ 2021 ലക്കം 09

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 571 |
| 2. | പ്രോഗ്രാം സെപ്റ്റംബർ 2021 | 573 |
| 3. | സർക്കുലർ 13/2021 | 574 |
| 4. | സർക്കുലർ | 578 |
| 5. | കച്ചേരിക്കാര്യം | 581 |
| 6. | സെമിനാരിവാർത്തകൾ | 583 |
| 7. | വിശ്വാസപരിശീലനം | 585 |
| 8. | ചെറുപുഷ്പ മിഷൻലീഗ് | 588 |
| 9. | തിരുബാലസഖ്യം | 592 |
| 10. | ലിറ്റർജി കമ്മീഷൻ | 593 |
| 11. | വിദ്യാഭ്യാസം | 595 |
| 12. | സ്റ്റാർട്ട് | 596 |
| 13. | ആൽഫ മരിയ അക്കാദമി | 597 |
| 14. | മാതൃവേദി | 598 |
| 15. | ആദരാഞ്ജലികൾ | 600 |
| 16. | കുടുംബ പ്രേഷിതത്വം | 602 |
| 17. | കെ.സി.വൈ.എം | 602 |
| 18. | ജീസസ്‌യൂത്ത് | 605 |
| 19. | എ.കെ.സി.സി | 607 |
| 20. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 609 |
| 21. | ഇൻഫാം | 609 |
| 22. | വിൻസെന്റ് ഡി പോൾ | 611 |
| 23. | കരിസ്മാറ്റിക് മൂവ്മെന്റ് | 612 |
| 24. | അജപാലനക്കുറിപ്പുകൾ | 614 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Puthiyedath Francis | September | 3 |
| Puhenpurackal Jacob | | 5 |
| Thoomullil Mathew | | 5 |
| Kozhuvanal Antony | | 8 |
| Malapravanal Thomas | | 8 |
| Kuttikatt George | | 13 |
| Pulimoottil Mathew (Jr) | | 14 |
| Mannancheril Joseph | | 17 |
| Parathottathil Sebastian | | 18 |
| Eyyalil Thomas | | 21 |
| Chirakandathil Jose | | 24 |
| Kalathil Joseph | | 26 |
| Karukamalil George | | 27 |
| Areethara Jacob | | 29 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Father

Kiliyanparambil Joseph - September 18

**September 21**

Rev. Fathers

Chembuthookil Mathew
Cheruvelil Mathew
Choorapoikayil Mathew
Kandassamkunnel Mathew
Kollamparambil Mathew
Koramkott Mathew
Kottackal Mathew
Kulathingal Mathew
Mangalamadathil Mathew
Mattakottil Mathew
Mavely Mathew
Mulangassery Mathew
Munjanatt Mathew
Nezhukumkattil Mathew
Nirappel Mathew
Onayathumkuzhy Mathew
Panachipuram Mathew
Panachickal Mathew
Peruvelil Mathew
Plathottathil Mathew
Pulimoottil Mathew (Sr)
Pulimoottil Mathew (Jr)
Pullolickal Mathew
Thadathil Mathew
Thakidiel Mathew
Thekkumcherikunnel Mathew
Thekkekaramattathil Mathew
Thittayil Mathew
Thoomullil Mathew

**September 27**

Rev. Fathers

Ezhanikatt Vincent
Kandathil Vincent
Karukamalil Vincent

**Mar Remigiose Inchananiyil**

# പ്രോഗ്രാം സെപ്റ്റംബർ 2021

| | | |
|---|---|---|
| 01 | ബുധൻ | എട്ടുനോമ്പാരംഭം |
| 05 | ഞായർ | വി. മദർ തെരേസ |
| | | ചരമദിനം: ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം (2007) |
| 05 | തിങ്കൾ | ചരമദിനം: അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി (2020) |
| 08 | ബുധൻ | പരി. കന്യകമറിയത്തിന്റെ ജനനത്തിരുന്നാൾ |
| 13 | ഞായർ | വി. ജോൺ ക്രിസോസ്തോം |
| 14 | ചൊവ്വ | വി. കുരിശിന്റെ പുകഴ്ച |
| 21 | ചൊവ്വ | വി. മത്തായി |
| 27 | ഞായർ | വി. വിൻസെന്റ് ഡി പോൾ |
| 29 | ബുധൻ | മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാർ |
| 30 | വ്യാഴം | വി. ജെറോം |



*St. Joseph, Pray for us*

*സർക്കുലർ 13/2021*

# മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഒന്നാം ചരമവാർഷികം

**സെപ്റ്റംബർ 6, 2021**

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

താമരശ്ശേരി രൂപതയുടെ മൂന്നാമത്തെ മെത്രാനായിരുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളിപ്പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് സെപ്റ്റംബർ 6 ന് ഒരു വർഷം തികയുകയാണല്ലോ. ഈയവസരത്തിൽ ആത്മാർത്ഥമായ സ്നേഹത്തോടും നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി വത്സലപിതാവിനെ നമുക്ക് അനുസ്മരിക്കാം; അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

കല്യാൺ രൂപതയുടെ നേതൃത്വം ഏറ്റെടുത്തുകൊണ്ട് സീറോ മലബാർ സഭയ്ക്ക് കേരളത്തിനു പുറത്ത് അജപാലന ശുശ്രൂഷ ചെയ്ത ആദ്യമെത്രാനെന്ന നിലയിൽ ചരിത്രത്താളുകളിൽ എഴുതപ്പെട്ട വ്യക്തിത്വമാണ് ചിറ്റിലപ്പിള്ളിപ്പിതാവിന്റേത്. ചിതറിക്കിടന്നിരുന്ന ദൈവജനത്തെ അജപാലന തീഷ്ണതയോടുകൂടി ഒരുമിച്ചു കൂട്ടി കല്യാൺ എന്ന ഒരു രൂപതയുടെ സ്ഥാപനത്തിലേക്ക് ഉയർത്തിയത് അഭിവന്ദ്യ പിതാവിന്റെ പ്രേഷിത തീഷ്ണതയും ദീർഘവീക്ഷണവുമാണ്. തികച്ചും അപരിചിതവും വ്യത്യസ്തവുമായ സാഹചര്യങ്ങളിലേക്കാണ് തൃശൂർ അതിരൂപതയിൽ നിന്നും അദ്ദേഹം അവിടേക്ക് കടന്നുചെന്നത്. എന്നാൽ ദൈവത്തിലാശ്രയിച്ചുകൊണ്ട് വൈദികരുടെയും സമർപ്പിതരുടെയും ദൈവജനം മുഴുവന്റേയും സഹകരണം ഉറപ്പുവരുത്തി പ്രവർത്തിക്കുവാൻ അവിടെ അദ്ദേഹത്തിന് കഴിഞ്ഞു.

ഒരു ദൈവനിയോഗമായിട്ടാണ് 1997 ഫെബ്രുവരി 13-ാം തീയതി അഭിവന്ദ്യ ചിറ്റിലപ്പിള്ളിപ്പിതാവ് നമ്മുടെ രൂപതയുടെ സാരഥ്യം ഏറ്റെ ടുക്കുന്നത്. അന്നു മുതൽ 2010 ഏപ്രിൽ 8-ാം തീയതി വരെ 13 വർഷ ക്കാലം ഊർജ്ജസ്വലതയോടെ നമ്മുടെ രൂപതയെ അദ്ദേഹം നയിച്ചു. ഇടയനടുത്ത വാത്സല്യത്തോടെ അദ്ദേഹം പെരുമാറി. ഇടവകകളിൽ അജപാലന സന്ദർശനങ്ങൾ നടത്തിയും, രോഗീസന്ദർശനത്തി ലൂടെയും, വേദനിക്കുന്നവരുടെ ആശ്വാസമായി മാറുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കുടുംബകൂട്ടായ്മകളിൽ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി അദ്ദേഹം പങ്കെടുത്തു. ഒരു നല്ല ഇടയൻ എപ്രകാരമായിരിക്കണമെന്ന് അഭിവന്ദ്യ പിതാവ് നമ്മെ കാണിച്ചുതന്നു.

എല്ലാ സൗകര്യങ്ങളുമുള്ള തൃശൂർ അതിരൂപതയിൽ നിന്നും ഒരു മിഷണറിയായി കല്യാണിലേക്കുപോയ പിതാവ് അതേ പ്രേഷിതാരൂ പിയിലാണ് നമ്മുടെ രൂപതയിലേക്കും കടന്നുവന്നത്. ദൈവം തന്നെ ഏല്പിച്ച പുതിയ രൂപതയെയും തന്നെത്തന്നെയും 'നവീകരിക്കുക, ശക്തിപ്പെടുത്തുക' എന്ന ആപ്തവാക്യത്തിലൂടെ മുന്നോട്ടു നയിക്കുവാൻ പിതാവിനു കഴിഞ്ഞു.

നമ്മുടെ രൂപതയിലെ ഇടവകകളെല്ലാം സന്ദർശിച്ചുകൊണ്ടാണ് അഭിവന്ദ്യ

പിതാവ് തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അവസരങ്ങൾ കിട്ടിയപ്പോഴെല്ലാം ദൈവവചനം പ്രഘോഷിച്ചും ക്രൈസ്തവ മൂല്യങ്ങൾ പങ്കുവച്ചും ദൈവജനത്തെ ക്രിസ്തീയതയിൽ വളർത്തുവാൻ പിതാവ് കാണിച്ച അതീവ ശ്രദ്ധ നമുക്ക് എന്നും പ്രചോദനാത്മകമാണ്.

അത്ഭുതാവഹമായ നേട്ടങ്ങളാണ് വെറും 13 വർഷംകൊണ്ട് നമ്മുടെ രൂപതയ്ക്ക് ഉണ്ടായത്. അഭിവന്ദ്യ പിതാവ് രൂപതയിൽ ചാർജ്ജെടുക്കു മ്പോൾ ഉണ്ടായിരുന്ന ഇടവകകളേക്കാൾ ഇരട്ടി ഇടവകകൾ അദ്ദേഹം വിരമിക്കുന്ന അവസരത്തിലുണ്ടായിരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും വളരെ വിശാലമായി. രൂപതയുടെ ഒരു സ്വപ്നസാക്ഷാത്ക്കാരമായിരുന്ന മേരിമാതാ കത്തീഡ്രൽ അഭിവന്ദ്യ പിതാവിന്റെ അശ്രാന്ത പരിശ്രമത്തിലൂടെയാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞത്. വിശ്വാസപരിശീലനം, സാമൂഹ്യപ്രവർത്തനം, യുവജനക്ഷേമം, കുടുംബപ്രേഷിതത്വം എന്നീ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കു വാൻ അഭിവന്ദ്യ പിതാവിനു കഴിഞ്ഞിരുന്നു.


രൂപതയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനിട യിലും സഭയുടെ പൊതുവായ ഉത്തരവാദിത്വങ്ങൾക്കും അഭിവന്ദ്യ പിതാവ് നേതൃത്വം നല്കി. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കുടുംബ പ്രേഷിതത്വത്തിന്റെ നേതൃത്വവും സീറോ മലബാർ സഭയുടെ ആരാധനാ ക്രമ കമ്മീഷൻ ചെയർമാൻ സ്ഥാനവും സ്തുത്യർഹമായ രീതിയിലാണ് അദ്ദേഹം നിർവ്വഹിച്ചത്.

തനിക്ക് ബോധ്യമുള്ള കാര്യങ്ങൾ മുഖം നോക്കാതെ പറയുന്ന പ്രവാചക ശബ്ദമായിരുന്നു മാർ പോൾ ചിറ്റിലപ്പിള്ളിപിതാവിന്റേത്. നല്ല ഒരു ഗുരുനാഥനും, സ്നേഹമുള്ള ഒരു പിതാവും, ആലംബഹീനർക്ക് അത്താണിയുമായിരുന്നു പിതാവ്. 59 വർഷത്തെ പൗരോഹിത്യ ജീവിതം; അതിൽ 32 വർഷക്കാലം മെത്രാൻ ശുശ്രൂഷയിൽ; മാതൃരൂപതയായ തൃശൂർ അതിരൂപതയിൽ ചാൻസിലർ, വികാരി ജനറാൾ; കല്യാൺ രൂപതയുടെ പ്രഥമ മെത്രാൻ; താമരശ്ശേരി രൂപതയെ ബാല്യത്തിൽ നിന്നും യൗവനത്തിലേക്ക് ഉയർത്തുവാനുള്ള നിയോഗം. എല്ലാം ദൈവകൃപയാൽ വിശ്വസ്ത തയോടെ അദ്ദേഹം നിർവ്വഹിച്ചു. 86 വർഷത്തെ ഈ ലോക ജീവിതത്തിൽ സുവർണ്ണലിപികളാൽ എഴുതപ്പെടുന്ന നന്മകൾ ചെയ്ത് 2020 സെപ്റ്റംബർ 6 ന് അദ്ദേഹം നമ്മിൽ നിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കൃപ നിറഞ്ഞ ജീവിതം നയിച്ച വത്സലപിതാവിനെ ഓർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയാം.

അഭിവന്ദ്യ പിതാവിന്റെ ഒന്നാം ചരമവാർഷികദിനമായ സെപ്റ്റംബർ 6–ാം തീയതി രാവിലെ 11 മണിക്ക് അഭിവന്ദ്യ പിതാവിനുവേണ്ടി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും പ്രാർത്ഥനകളും ഉണ്ടായിരിക്കും. തൃശ്ശൂർ അതിരൂപതാമെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് മുഖ്യ കാർമ്മികനായിരിക്കും. ബിഷപ് വർഗീസ് ചക്കാലയ്ക്കൽ വചനസന്ദേശം നൽകും. കോവിഡ് അതിവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വളരെ പരിമി തമായിട്ടാണ് ചടങ്ങുകൾ ക്രമീകരിച്ചിരിക്കുന്നത്. എങ്കിലും നമ്മുടെ ഇടവക കളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം അന്ന് വൈകിട്ട് 6 മണി മുതൽ 8 മണി വരെ അഭിവന്ദ്യ പിതാവിനെ

അനുസ്മരിച്ചു കൊണ്ട് ഒരു വെബിനാർ ക്രമീകരിച്ചിട്ടുണ്ട്. നമ്മുടെ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്യും. സി.ബി.സി.ഐ യുടെ പ്രസിഡന്റും മുംബൈ ആർച്ച് ബിഷപ്പുമായ കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസും, സീറോ മലങ്കരസഭയുടെ മേജർ ആർച്ച് ബിഷപ്പ് കാർഡിനൽ ബസേലിയോസ് മാർ ക്ലീമീസും, തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ടും മറ്റ് അഭിവന്ദ്യ പിതാക്കന്മാരും ജനപ്രതിനിധികളും, രൂപതയിൽ നിന്നുള്ള പ്രതിനിധികളും വെബിനാറിൽ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിനെ അനുസ്മരിച്ച് സംസാരിക്കുന്നതാണ്. അതിനാൽ സാധിക്കുന്നവരെല്ലാം ഈ അനുസ്മരണ വെബി നാറിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. അഭിവന്ദ്യ പിതാവിന്റെ ആത്മാ വിന് നിത്യശാന്തി നേരുന്നു. നമ്മുടെ രൂപതയുടെയും സീറോ മലബാർ സഭയുടെയും സാർവ്വത്രിക സഭയുടെയും വളർച്ചയ്ക്ക് അഭിവന്ദ്യ പിതാ വിന്റെ മാദ്ധ്യസ്ഥ്യ സഹായം ലഭിക്കുമെന്ന പ്രത്യാശയോടെ,


സ്നേഹപൂർവ്വം, പ്രാർത്ഥനയോടെ,



**മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ സെപ്റ്റംബർ 5-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



His Excellency
Mar Paul Chittilapilly

## 1st Anniversary in Heaven

**06 September 2021**



**His Excellency**
**Mar Paul Chittilapilly**

Ref: 3545/K-5/KCBC/OL/DS

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2021 ആഗസ്റ്റ് 22, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 74 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യമായ നമ്മുടെ മാതൃരാജ്യത്ത് ജാതിയു ടേയും മതത്തിന്റേയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തു മത വിശ്വാസികളായ ദലിതരുടെ അവസ്ഥ മുൻകാലത്തേക്കാൾ വളരെ ദയനീയമാണ്. ജാതിയുടേയോ മതത്തിന്റേയോ വർഗത്തിന്റേയോ വർണ്ണത്തിന്റേയോ പേരിൽ ഒരു പൗരനോടും വിവേചനം പാടില്ല എന്ന് ഭരണഘടന അനുശാസിക്കുന്നു. ക്രിസ്തു മതം സ്വീകരിച്ച തിന്റെ പേരിൽ ദളിത് ക്രൈസ്തവർക്ക് ഒരു ഇന്ത്യൻ പൗരന് ഭരണ ഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചി രിക്കുകയാണ്. കഴിഞ്ഞ ഏഴ് പതിറ്റാ ണ്ടായി ഈ വിവേചനം തുടരുകയാണ്. 1950 ആഗസ്റ്റ് 10-ൽ ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്ര പ്രസാദ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിലൂടെ ക്രിസ്തുമത വിശ്വാസികളായ ദളിതരെ ഒഴിവാക്കി ഹിന്ദുമത വിശ്വാസികളായ ദലിതരെ മാത്രം ഉൾപ്പെടുത്തി പട്ടികജാതി സംവര ണം നൽകി. ഈ ദിനം ദലിത് ക്രൈസ്തവരെ സംബന്ധിച്ചിട ത്തോളം ഒരു കറുത്ത ദിവസമാണ്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ദലിത് ക്രൈസ്തവർ ആഗസ്റ്റ് 10 പ്രതിഷേധദിനമായിട്ടാണ് ആചരിക്കുന്നത്. 1956-ൽ സിക്കുമതവിശ്വാസികളായ ദലിതർക്കും 1990-ൽ ബുദ്ധമത വിശ്വാസികളായ ദലിതർക്കും പട്ടികജാതി ലിസ്റ്റ് പ്രകാരം സംവരണം നൽകി. എന്നാൽ ക്രിസ്ത്യൻ/മുസ്ലീം മതവിശ്വാസികളായ ദളിതർക്ക് മാത്രം ഇതുവരെയും പട്ടികജാതി ലിസ്റ്റ് പ്രകാരമുള്ള സംവരണം നൽകിയിട്ടില്ല. ഇത് ഭരണഘടനാ വിരുദ്ധവും മനുഷ്യാവകാശ ലംഘ നവുമാണ്.

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ" (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദളിത് ക്രൈസ് തവ സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിന് വേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യ ദിനം കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റീസ് സൺഡേ (നീതി ഞായർ)ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥി ക്കുകയും ഒപ്പം ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്ന ങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കുചേ രുകയും ചെയ്യാം.

മതം മാറിയതുകൊണ്ട് മാത്രം ഒരു വ്യക്തിയുടെയോ സമുദായ ത്തിന്റേയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര

പട്ടികജാതിക്കാരുടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർ ത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസര സമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് ''ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽ ക്കരിക്കപ്പെട്ടവരുമായവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം'' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാന ങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാർക്കും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഭരണഘടന തന്നെ ഏർപ്പെടു ത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർ ക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നൽകപ്പെട്ടിരി ക്കുന്നു. എന്നാൽ ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യ നീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുക ളാണ് നൽകിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നൽകാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല. ഈ കടുത്ത അനീതിക്കെതിരെ സുപ്രീം കോടതിയിൽ കേസ് 2004 മുതൽ നടന്നുവ രുന്നു. ഈ കേസിന്റെ അനുകൂല വിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുത ലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വാട്ടയിലും, മാനേജ് മെന്റ് ക്വാട്ടയിലും, അഡ്മിഷൻ കിട്ടി എയിഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർ ത്ഥികൾക്ക് സ്റ്റൈഫന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവും സർക്കാർ ഇറക്കിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപ ക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റു മെട്രിക് സ്കോളർഷിപ്പുകൾ 2011 ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാ

നുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തു വർഷമായി ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈഫന്റ്, ലംപ്സം ഗ്രാന്റ് ലഭി ക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെ യും ലഭിച്ചിട്ടില്ല. ഈ നടപടികൾക്കെതിരെ പ്രതികരിക്കാൻ ദലിത് ക്രൈസ്തവർ മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. ഇതിനെതിരെ പ്രതികരിക്കാൻ ആഗസ്റ്റ് 10 പ്രതിഷേധദിനമായും ആഗസ്റ്റ് 22 ജസ്റ്റിസ് സൺഡേ പ്രാർത്ഥനാ ദിനമായും ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോ ദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് കത്തോലിക്കാ മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് ആൻഡ് സ്കിൽ ട്രെയിനിങ് പ്രോഗ്രാം (TSDTP) കലാപരമായ കഴിവു കൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി, +2,ഡിഗ്രി ക്ലാസ്സ് കഴിഞ്ഞവർക്കുള്ള പി.എസ്.സി കോച്ചിങ്, എസ്.എസ്.എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിങ് ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന താണ്. കഴിഞ്ഞ അധ്യയനവർഷം (2020-2021) എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നൽകുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി ജസ്റ്റീസ് സൺഡേ യോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെസിബിസി കമ്മീഷന്റെ പേർക്ക് അയച്ചു തരേണ്ടതാണ്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

# കച്ചേരിക്കാര്യം

**1. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ - ഒക്ടോബർ 1**

അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നാമഹേതുകത്തിരുനാൾ ഒക്ടോബർ ഒന്നാം തീയതിയാണല്ലോ. തന്നെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ തീക്ഷ്ണതയോടുകൂടി നിർവഹിക്കുവാനുള്ള ദൈവാനുഗ്രഹം സ്വർഗീയ മദ്ധ്യസ്ഥനിലൂടെ പിതാവിന് ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

**2. വൈദികരുടെ വാർഷികധ്യാനം**

സെപ്റ്റംബർ 12 മുതൽ 17 വരെയും 19 മുതൽ 24 വരെയും നടത്തുവാൻ നിശ്ചയിച്ചിരുന്ന വൈദികരുടെ വാർഷികധ്യാനം കോവിഡിന്റെ അതിവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ചിരിക്കുന്നു. നവംബർ മാസം 15 മുതൽ 19 വരെ ഓൺലൈനായി ധ്യാനം നടത്തുന്നതാണ്.

**3. എട്ടുനോമ്പാചരണം**

പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണം നമ്മുടെ സഭയിലുണ്ട്. ഇക്കാര്യം വിശ്വാസികളെ അറിയിക്കുകയും നോമ്പാചരണം തീക്ഷ്ണമായി ആചരിക്കുകയും ചെയ്യാം. മഹാമാരിയുടെ ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ കരങ്ങളിൽ നമ്മെയും ലോകം മുഴുവനെയും സമർപ്പിച്ച് പ്രാർത്ഥിക്കുകയും നമ്മുടെ സംരക്ഷണത്തിനായി അമ്മയിൽ ആശ്രയിക്കുകയും ചെയ്യാം.

**4. മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഒന്നാം ചരമവാർഷികം - സെപ്റ്റംബർ 6**

അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് സെപ്റ്റംബർ 6-ാം തീയതി ഒരു വർഷം പൂർത്തിയാകുന്നു. 6-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും പ്രാർത്ഥനാശുശ്രൂഷയും നടക്കുന്നതാണ്. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവും ബിഷപ്പ് വർഗീസ് ചക്കാലയ്ക്കൽ പിതാവും സഹകാർമ്മികരായിരിക്കും. അന്നേ ദിവസം പള്ളി ചിലവിൽ വി. ബലി അർപ്പിച്ച് അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവിനുവേണ്ടി പ്രാർത്ഥിക്കേ ണ്ടതാണ്.

സെപ്റ്റംബർ 6-ാം തീയതി വൈകിട്ട് 6 മണിക്ക് മാർ പോൾ ചിറ്റില പ്പിള്ളി അനുസ്മരണ സെമിനാർ ഓൺലൈനായി സംഘടിപ്പിച്ചിട്ടുണ്ട്. ബഹു. വൈദികർ എല്ലാവരും ഈ സെമിനാറിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**5. അക്കൗണ്ട് സോഫ്റ്റ്‌വെയർ**

രൂപതയിലെ മുഴുവൻ സ്ഥാപനങ്ങളും ഇടവകകളും കേന്ദ്രീകൃത അക്കൗണ്ടിംഗ് സംവിധാനത്തിലേക്ക് വരുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുമായി ബന്ധപ്പെട്ടവർ ബഹു. അച്ചന്മാരെ സമീപിക്കുന്നതാണ്. 2022 ജനുവരി മുതൽ ഓൺലൈൻ പ്ലാറ്റ്ഫോമി ലൂടെയാണ് കണക്കുകൾ സമർപ്പിക്കുന്നതും ഓഡിറ്റ് ചെയ്യുന്നതും.

### 6. കോശികമ്മീഷനും നിവേദനങ്ങളും

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ജെ.ബി. കോശി കമ്മീഷനു മുമ്പാകെ ക്രൈസ്തവ ന്യൂനപക്ഷം നേരിടുന്ന പ്രശ്നങ്ങൾ നമ്മുടെ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രാദേശികാടിസ്ഥാനത്തിൽ നിവേനങ്ങൾ സമർപ്പിച്ചു. ഇതിന് നേതൃത്വം നൽകിയ ബഹു. വൈദികർക്കും ഭാരവാ ഹികൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. കോശികമ്മീഷൻ നേരിട്ട് വരുമ്പോൾ നൽകുന്നതിനായിട്ടുള്ള പഠനറിപ്പോർട്ടുകൾ രൂപതാതലത്തിൽ ഒരുക്കിക്കൊണ്ടിരിക്കുന്നു.

### 7. സ്മരണാഞ്ജലി

| | |
|---|---|
| 02-09-85 | - റവ. ഫാ. ജോസഫ് മഴുവഞ്ചേരി |
| **05-09-07** | **- റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം** |
| **06-09-2020** | **- മാർ പോൾ ചിറ്റിലപ്പിള്ളി** |
| 18-09-96 | - റവ. ഫാ. സോസിമൂസ് സി.എം.ഐ. |
| 18-09-07 | - റവ. ഫാ. ജോൺ കച്ചിറമറ്റം |
| 19-09-79 | - റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Sr.) |
| 20-09-88 | - റവ. ഫാ. ജോർജ് കഴുക്കച്ചാലിൽ (Jr.) |
| 20-09-79 | - റവ. ഫാ. സബീനുസ് സി.എം.ഐ. |
| 22-09-82 | - റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# സെമിനാരി വാർത്തകൾ

### ജൂലൈ 27 – ഫാ. ജോസഫ് മുതലക്കുഴിയച്ചന് സ്വാഗതം

റോമിലെ ഉപരിപഠനത്തിനുശേഷം വൈദികപട്ടം സ്വീകരിച്ച കൂടരഞ്ഞി ഇടവകാംഗമായ നവ വൈദികൻ ഫാ. ജോസഫ് മുതലക്കുഴിക്ക് സെമിനാരി കുടുംബം ഹൃദ്യമായ സ്വീകരണം നൽകി. ഫാ. ജോസഫ് മുതലക്കുഴി സെമിനാരിയിൽ ദിവ്യബലിയർപ്പിക്കുകയും വൈദികവിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു.

### ജൂലൈ 28 – അൽഫോൻസാ ദിനം

ജൂലൈ 27 ന് വൈകുന്നേരം സെമിനാരിയിലെ വൈദികരും വൈദിക വിദ്യാർത്ഥികളും ചേർന്ന് ആഘോഷമായ റംശാ പ്രാർത്ഥന നടത്തി. ജൂലൈ 28 തിരുനാൾദിനം രാവിലെ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ റാസ കുർബാന അർപ്പിക്കുകയും അഭിവന്ദ്യപിതാവ് അൽഫോൻസാ ദിനത്തിന്റെ സന്ദേശം നല്കുകയും ചെയ്തു.

### ആഗസ്റ്റ് 4 – വൈദിക ദിനം

ആഗസ്റ്റ് 4–ാം തീയതി ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ സെമിനാരി കുടുംബം സാഘോഷം കൊണ്ടാടി. ആഗസ്റ്റ് 3 ന് വൈകുന്നേരം നടത്തപ്പെട്ട മീറ്റിംഗിൽ മുഖ്യാതിഥിയായി മലപ്പുറം ഫൊറോന വികാരി പെരിയ ബഹു. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിലച്ചനുണ്ടായിരുന്നു. തിരുനാൾ ദിനത്തിൽ സെമിനാരി കുടുംബത്തോടൊത്ത് അദ്ദേഹം വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് സെമിനാരി ബ്രദേഴ്സും രൂപതാ ഭവനത്തിലെ വൈദികരും തമ്മിലുള്ള ബാസ്കറ്റ് ബോൾ മാച്ച് ഉണ്ടായിരുന്നു.

### ആഗസ്റ്റ് 15 – സ്വാതന്ത്ര്യദിനം, സ്വർഗ്ഗാരോപണത്തിരുനാൾ

മാതാവിന്റെ സ്വാർഗ്ഗാരോപണത്തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും സെമിനാരി കുടുംബം ആഘോഷിച്ചു. രൂപതാ പ്രൊകുറേറ്റർ ഫാ. മാത്യു പുളിമൂട്ടിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നല്കി. തുടർന്ന് വി. ബലിക്ക് ശേഷം ദേശീയ പതാകയുയർത്തി. സെമിനാരി റെക്ടർ ബഹു. ജേക്കബ് അരീത്തറയച്ചൻ സ്വാതന്ത്ര്യ ദിന സന്ദേശം നൽകി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സെമിനാരി വിദ്യാർത്ഥികൾക്ക് 15 ന് വൈകുന്നേരം ക്വിസ് മത്സരം നടത്തി.

### ആഗസ്റ്റ് 19 – ഓണാഘോഷം

സെമിനാരികുടുംബം ഒന്നാകെ ഓണാഘോഷത്തിൽ പങ്കുചേർന്നു. ഓണക്കളികളും വിഭവസമൃദ്ധമായ ഓണസദ്യയും ഓണാഘോഷങ്ങൾക്ക് മാറ്റ് കൂട്ടി.

## റീജൻസി ബ്രദേഴ്സ് മാറ്റം

4 മാസത്തെ സേവനങ്ങൾക്ക് ശേഷം ആഗസ്റ്റ് 19-ാം തീയതി ബ്രദേഴ്സ് പുതിയ സ്ഥലങ്ങളിൽ അവരുടെ ശുശ്രൂഷകൾ ആരംഭിച്ചു. റീജൻസി ബ്രദേഴ്സിന്റെ പേരും പുതിയ ശുശ്രൂഷാമേഖലകളും.

1 ബ്ര. മലമ്പേൽ സാവിയോ (ബഥാനിയ)
2 ബ്ര. നീണ്ടുകുന്നേൽ ആൽബിൻ (ബിഷപ്സ് ഹൗസ്)
3 ബ്ര. പോത്തനാമുഴിയിൽ അലൻ (അൽഫോൻസാ മൈനർ സെമിനാരി)
4 ബ്ര. പുറത്തൂട്ട് നവീൻ (CAMP വേനപ്പാറ)
5 ബ്ര. തോട്ടമറ്റത്തിൽ സെബിൻ (പ്രീസ്റ്റ്ഹോം കോഴിക്കോട്)
6 ബ്ര. പുരിയോട് ക്രിസ്റ്റി (പി.എം.ഒ.സി)
7 ബ്ര. വെള്ളാപ്പിള്ളിൽ അലൻ (പ്രീസ്റ്റ്ഹോം, ഈരൂട്)

## ആഗസ്റ്റ് 22 – ഉപകാരി സംഗമം

ആഗസ്റ്റ് 22-ാം തീയതി ഞായറാഴ്ച സെമിനാരി കുടുംബം ഉപകാരികളുടെ സംഗമം ഓൺലൈനായി നടത്തി. പ്രസ്തുത മീറ്റിങ്ങിൽ സെമിനാരി റെക്ടർ ഫാ. ജേക്കബ് അരീത്തറ സ്വാഗതം ആശംസിക്കുകയും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അധ്യക്ഷത വഹിക്കുകയും ചെയ്തു. 62 പേരോളം ഉപകാരി സംഗമത്തിൽ പങ്കെടുത്തു.

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി



*St. Joseph, Pray for us*

# വിശ്വാസപരിശീലനം

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പിലേക്ക് സെപ്റ്റംബർ 01-ന് നാം പ്രവേശിക്കുകയാണ്. 'പാപക്കറയേശാതെ ജനിക്കുക' എന്ന വലിയ കൃപ ദൈവം നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന് നൽകി. 'ദൈവത്തിന്റെ പരിശുദ്ധൻ' എന്ന് കന്യകാമറിയത്തിൽ നിന്ന് ജനിച്ച യേശുവിനെക്കുറിച്ച് പറഞ്ഞതുപോലെ 'ദൈവം സൃഷ്ടിച്ച പരിശുദ്ധ' എന്ന് പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് നമുക്കു പറയാം. മാതാവിന്റെ ജനനത്തിരുനാളിന് പ്രാർത്ഥനയോടെ, പരിത്യാഗത്തോടെ നമുക്ക് ഒരുങ്ങാം. മാതാവിന് ജന്മദിന സമ്മാനമായി അമ്മയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട 'വിശുദ്ധീകരിക്കപ്പെട്ട ജീവിതം' നമുക്ക് സമർപ്പിക്കാം. ധാരാളം ജപമാലകൾ ചൊല്ലി, വി. കുർബാനയെ സ്നേഹിച്ച്, ഈശോയോടുള്ള സ്നേഹത്തെപ്രതി ത്യാഗങ്ങൾ ചെയ്ത്, അവിടുത്തെ തിരുരക്ത ത്താൽ കഴുകപ്പെടാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അമ്മേ, അമ്മയുടെ നീല മേലങ്കിയിൽ ഞങ്ങളെ പൊതിയണമേ.

### മതബോധന ദിനം

2021 ആഗസ്റ്റ് 01 മതബോധന ദിനമായി ആചരിച്ചു. അന്നേ ദിവസം വിവിധ ഇടവകകളിൽ അധ്യാപകർ ഒരുമിച്ചുകൂടുകയും, ദിവ്യകാരുണ്യ ആരാധന നടത്തുകയും, വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയുകയും ചെയ്തു.

### ഡയറക്ടറച്ചന്റെ സന്ദേശം

മതബോധന ദിനത്തിൽ രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ജോൺ പള്ളിക്കാവയലിൽ അധ്യാപകർക്കും, കുട്ടികൾക്കും മതബോധ നദിന സന്ദേശം നൽകി. കോവിഡിന്റെ ഈ കാലഘട്ടത്തിൽ വിശ്വാസത്തിൽ ആഴപ്പെട്ട് ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശത്തെ അടിസ്ഥാനപ്പെടുത്തി അച്ചൻ സംസാരിച്ചു.

### വൈദിക ദിനം

വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വൈദിക ദിനം ആഘോഷിച്ചു. ഓരോ ഇടവകയിലുമുള്ള മതബോധന വിദ്യാർത്ഥികൾ ക്ലാസ് അടിസ്ഥാനത്തിൽ അന്നേദിവസം ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്ക് വൈദിക ദിനാശംസകൾ നേരുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

### മാതാപിതാക്കന്മാരുടെ ധ്യാനം

ആഗസ്റ്റ് 19, 20, 21 തിയ്യതികളിൽ വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടിയുള്ള ഓൺലൈൻ ധ്യാനം നടന്നു. മൂന്നു ദിവസങ്ങളിലായി നടത്തിയ ധ്യാനത്തിൽ റവ. ഫാ. ശാന്തി പുതുശ്ശേരി, സി. ഡെൻസി MSMI, മി. ജോൺസൺ പൂവ്വത്തിങ്കൽ എന്നിവർ നേതൃത്വം നൽകി.

## അഭിവന്ദ്യ പിതാവിന്റെ സന്ദേശം

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സന്ദേശം നൽകുകയും ഫാമിലി മരിയൻ ക്വിസ്സിൽ പങ്കെടുക്കുന്നവർക്ക് ആശംസകൾ നേരുകയും ചെയ്തു.

## ഫാമിലി മരിയൻ ക്വിസ്സ്

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രം *ഫാമിലി മരിയൻ ക്വിസ്സ്* സംഘടിപ്പിച്ചു. ആയിരം കുടുംബങ്ങൾ പങ്കെടുത്ത ക്വിസ്സിൽ മതബോധന വിദ്യാർത്ഥികൾ മാതാപിതാക്കളോടൊപ്പം ക്വിസ്സിൽ സജീവമായി പങ്കെടുത്തു.

## വിജയികൾ

1st Prize: Johnson Kadakkuzha & Family, Pandhallur

2nd Prize: Vincent Jose Purakottil & Family, Manjery

3rd Prize: Nishad K. Paul Kottarathil & Family, Thiruvambady

വിജയികളായ എല്ലാ കുടുംബങ്ങൾക്കും അഭിനന്ദനങ്ങൾ

## സഭാവാർത്തകൾ

സഭയുടെ ചലനങ്ങളും, സ്പന്ദനങ്ങളും വ്യക്തമായും, വിശദമായും അവതരിപ്പിക്കുന്ന രണ്ട് സഭാവാർത്തകൾ മതബോധന വിദ്യാർത്ഥികൾ ജൂലൈ 25, ആഗസ്റ്റ് 08 തിയ്യതികളിൽ അവതരിപ്പിച്ചു. ജൂലൈ 25-ന് തലയാട് ഇടവകയിലെ നീന അലൈനും, ആഗസ്റ്റ് 08-ന് അൽഫോൻസ മൈനർ സെമിനാരിയിലെ ജോൺ പോളും ആയിരുന്നു വാർത്താവതാരകർ.

## ഓൺലൈൻ വി. കുർബാന

*Catechesis Thamarassery* യുട്യൂബ് ചാനലിലൂടെ എല്ലാ ഞായറാഴ്ചയും ലൈവ് വി. കുർബാന സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുന്നു.

## സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാമുകൾ

| | | |
|---|---|---|
| 01. 09. 21 | – | എട്ടുനോമ്പാരംഭം, **'MARIA BAMBINA'** (മാതാവിന്റെ ജനനതിരുനാൾ സ്പെഷ്യൽ), സെപ്റ്റംബർ 1 മുതൽ 8 വരെ എട്ടുദിന പ്രോഗ്രാം, (8 ദിവസവും മുഴുവൻ കൊന്ത ചൊല്ലാൻ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നത് നല്ലതാണ്) |
| 05. 09. 21 | – | ഏലിയാ-ശ്ലീവാ മൂശ 2-ാം ഞായർ, കൊൽക്കത്തയിലെ വി. തെരേസ |

| | | | |
|---|---|---|---|
| 08. 09. 21 | ബുധൻ | - | പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ, തിരുനാൾ സന്ദേശം, ഉപപാഠപുസ്തക പ്രകാശനം (സത്യങ്ങളും വസ്തുതകളും : 33 ചോദ്യോത്തരങ്ങളിലൂടെ) |
| 12. 09. 21 | ഞായർ | - | ഏലിയാ-സ്ലീവാ മൂശാ 3-ാം ഞായർ |
| 13. 09. 21 | തിങ്കൾ | - | വി. ജോൺ ക്രിസോസ്തോം |
| 14. 09. 21 | ചൊവ്വ | - | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 19. 09. 21 | ഞായർ | - | ഏലിയാ-സ്ലീവാ മൂശ 4-ാം ഞായർ |
| 21. 09. 21 | ചൊവ്വ | - | വി. മത്തായി ശ്ലീഹാ |
| 26. 09. 21 | ഞായർ | - | ഏലിയാ-സ്ലീവാ മൂശ 5-ാം ഞായർ Quiz-Cat (മതാധ്യാപകരുടെ തുടർപരിശീലനം, Quiz Programme വിഷയം: വിശ്വാസവഴിയിലെ സംശയങ്ങൾ (117-164) |
| 27. 09. 21 | തിങ്കൾ | - | വി. വിൻസെന്റ് ഡി പോൾ |
| 29. 09. 21 | ബുധൻ | - | മാലാഖമാരായ വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ |

**ഫാ. ചാക്കോ കോതാനിക്കൽ**
അസി. ഡയറക്ടർ

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ



*St. Joseph, Pray for us*

# ചെറുപുഷ്പ മിഷൻലീഗ്

## സെപ്റ്റംബർ മാസ പ്രോഗ്രാം – 'സാക്ഷ്യമാകാം വേദികളിൽ'

1 ബുധൻ – എട്ട് നോമ്പാരംഭം

5 ഞായർ – വി. മദർതെരേസയുടെ തിരുനാൾ, അധ്യാപകദിനം, ഓൺലൈൻ ക്വിസ്സ് മത്സരം

6 തിങ്കൾ – മാർ ചിറ്റിലപ്പിള്ളി അനുസ്മരണം

8 ബധൻ – പരി. മാതാവിന്റെ ജനനതിരുനാൾ

9 വ്യാഴം – സ്ഥാപക ഡയറക്ടർ മാലിപ്പറമ്പിലച്ചന്റെ ചരമവാർഷികം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം

14 ചൊവ്വ – വി. കുരിശിന്റെ പുകഴ്ച

21 ചൊവ്വ – വി. മത്തായി ശ്ലീഹാ

27 തിങ്കൾ – വി. വിൻസെന്റ് ഡി പോൾ

29 ബുധൻ – വി. മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ മാലാഖമാരുടെ തിരുനാൾ

30 വ്യാഴം – വി. ജെറോം

## *'വളരാൻ വളർത്താൻ'*

- പ്രയർസെൽ ചേർന്ന് മാർപാപ്പയ്ക്കും സഭാതലവന്മാർക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു
- മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുക
- വിശുദ്ധരെക്കുറിച്ചുള്ള പഠനം – വി. ജോൺ ബർക്കുമെൻസ

## ഇടയൻമാർക്കായ്

എല്ലാ വർഷവും ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിലെ ഒന്നോ രണ്ടോ വൈദികരെ ഓരോ ഇടവകയ്ക്കുമായി പ്രാർത്ഥിക്കുവാൻ നൽകി. വൈദികദിനത്തിൽ ബഹു. അച്ചൻമാരെ കുഞ്ഞു മിഷനറിമാർ പ്രത്യേകം ഓർക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു.

## കർമ്മലാംബിക സംഗീത മത്സരം വിജയികൾ

### ജൂനിയർ ആൺകുട്ടികൾ

1. സാവിയോ ബിജു, മണിയങ്ങാട്ട്, പുല്ലൂരാംപാറ
2. ഡിറ്റോ ഡോൺ, വടുതലയിൽ, ചിപ്പിലിത്തോട്
3. അല്ക്സ് മനോജ്,ചൂര പൊയ്കയിൽ മഞ്ഞക്കുന്ന്.

### ജൂനിയർ പെൺകുട്ടികൾ

1. അൽക്ക മാത്യു, വല്ലനാട്ട്, ചക്കിട്ടപ്പാറ
2. എമിൽ റോസ് ബൈജു, പുതുപ്പറമ്പിൽ, പുല്ലൂരാംപാറ
3. ജോവാൻ മേരി, കല്ലറയ്ക്കൽ, മുക്കം

### സബ്ജൂനിയർ ആൺകുട്ടികൾ

1. അലൻ പീറ്റർ, വല്ലപ്പറമ്പിൽ, തേക്കുംകുറ്റി
2. അഡ്വിൻ ജെസ് ആന്റോ, കോട്ടക്കൽ
3. അജിൻ ജോജോ, പെരുവാഞ്ചിറയിൽ, മുക്കം.

### സബ്ജൂനിയർ പെൺകുട്ടികൾ

1. അയ്ന മരിയ, കീറ്റുകേരിയിൽ കോട്ടക്കൽ
2. റിജിന, ചേരിയിൽ, തേക്കുംകുറ്റി
3. ലിസ് മരിയ, സോജി, തെക്കനാൽ, മുക്കം

## 2019 –2020 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തന അവാർഡ്

മികച്ച പ്രവർത്തനത്തിന് സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ഗോൾഡൻ സ്റ്റാർ പുരസ്കാരത്തിന് താമരശ്ശേരി രൂപത ഇത്തവണയും അർഹമായി. പെരിന്തൽമണ്ണ മേഖലയും, കട്ടിപ്പാറ ആറ് മരിയാപുരം ശാഖകളും തെരഞ്ഞെടുക്കപ്പെട്ടു.

## രൂപതാതല പുരസ്കാരം

first – കട്ടിപ്പാറ ശാഖ

Second – മരിയാപുരം ശാഖ

Third – മാലാപറമ്പ് ശാഖ

പെരിന്തൽമണ്ണ മേഖലയ്ക്കും കട്ടിപ്പാറ, മരിയാപുരം ശാഖകൾക്കും താമരശ്ശേരി രൂപതയുടെ അഭിനന്ദനങ്ങളും അനുമോദനങ്ങളും.

## കുഞ്ഞേട്ടൻ അനുസ്മരണം

ഓഗസ്റ്റ് 11 ന് വൈകിട്ട് 7 മണിക്ക് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഗൂഗിൾ മീറ്റ് ചേരുകയും കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും ചെയ്തു.

**മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം 20 – 21**

First prize – അനീന ജയ്സൺ, ഔസേപ്പ് പറമ്പിൽ, ചേവായൂർ

Second prize – ക്രിസ്റ്റി അമല ആൻറണി , പനന്താനത്ത്, മഞ്ഞുവയൽ.

Third prize – ഡിൽന എൽസ സിബി, ഇടമണ്ണേൽ, നരിനട.

**ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചുള്ള ബൈബിൾ ആൽബം നിർമ്മാണ മത്സരം**

**നിബന്ധനകൾ :**

1. അഞ്ചാം ക്ലാസ് മുതൽ +2 വരെയുള്ളവരെ മുഴുവൻ ഒരു വിഭാഗത്തിൽ ഉൾക്കൊള്ളിച്ചു കൊണ്ടാണ് മത്സരം നടത്തുന്നത്.
2. ഒരാളുടെ മേൽവിലാസത്തിലാണ് ഒരു ആൽബം സ്വീകരിക്കപ്പെടുന്നത്.
3. ഒരു ഇടവകയിൽ നിന്ന് എത്ര വേണമെങ്കിലും ആൽബങ്ങൾ സ്വീകരിക്കപ്പെടുന്നതാണ്.
4. മറ്റ് കൂട്ടുകാരുടെ സഹായങ്ങൾ സ്വീകരിക്കാമെങ്കിലും സ്വയം രചിച്ചതും വരച്ചതും നിർമ്മിച്ചവയുമാണ് ഉൾപ്പെടുത്തേണ്ടത്; പേപ്പർ കട്ടിങ്സ്, കൊളാഷ് എന്നിവ പാടില്ല.
5. ആൽബത്തിന്റെ തുടക്കത്തിൽ പേര്, വീട്ടുപേര്, ഇടവക എന്നിവ എഴുതി നൽകണം ; എല്ലാ നിർമ്മിതികൾക്കുമൊപ്പം പേര് എഴുതരുത്.
6. A4 ഷീറ്റ് വലിപ്പത്തിലും 20 പേജിൽ കൂടാതെയുമാണ് ആൽബം നിർമ്മിക്കേണ്ടത്; ഭാഷ മലയാളം മാത്രമേ ഉപയോഗിക്കാവൂ.
7. രൂപതാ ഓഫീസിൽ ആൽബം നേരിട്ട് എത്തിക്കുകയാണ് ചെയ്യേണ്ടത്. അവസാന ദിവസം ഒക്ടോബർ 3.
8. ഈ മത്സരത്തിലെ 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനമായി price money നൽകുന്നതാണ്.

**മരുതോങ്കര മേഖല** – ജൂനിയർ ഭാരവാഹികൾ

1 പ്രസിഡന്റ് – അലക്സ് റിജു, കട്ടക്കയം പൂതംപാറ.

2 വൈസ് പ്രസിഡന്റ് – ജോമിയ കന്നാലിൽ, കരിങ്ങാട്.

3 സെക്രട്ടറി – ജേക്കബ് ജോസ് ആലക്കൽ, മരുതോങ്കര.

4 ജോയിൻ സെക്രട്ടറി – അനിറ്റ് പുരയിടത്തിൽ, പടത്തുകടവ്

**സീനിയർ ഭാരവാഹികൾ**

1 പ്രസിഡന്റ് – അമൽ ചക്കാലയിൽ പടത്തുകടവ്

2 വൈസ് പ്രസിഡന്റ് – ബ്ലെസ്സി സജി എടയന്ത്രത്ത് മരുതോങ്കര

3 സെക്രട്ടറി – അനൂപ് സി ജോസ് ചീരമറ്റത്തിൽ പൂഴിത്തോട്,

4 ജോയിൻ സെക്രട്ടറി – മരിയ കിളിയമ്പറയിൽ, കരിങ്ങാട്

## Organisers

1 ജോബിൻ ജോസ് ഇരവ്ചിറ, മരുതോങ്കര.

2 മഞ്ജു കുഞ്ഞലക്കാട്ട്, പൂതംപാറ

## തിരുവമ്പാടി മേഖലാ ഭാരവാഹികൾ

| | | |
|---|---|---|
| President | - | Amal Sebastian Paikkattu, Manjakadavu |
| Vice President | - | Beena Francis, Kakkakoodunkel, Thekkumkutty |
| Secretary | - | Alan Abraham Kaniyamkandathil, Karimbu |
| Join Secretary | - | Sherin Mary John Kalambukattu, Thiruvambady |
| Organizer | - | Dany Thomas Valliyampoikayil, Thiruvampady |
| | - | Emmanual Thomas Thadathil, Mukkam |
| | - | Jaimon George Moothedath, Kallurutty |

## ജൂനിയർ ഭാരവാഹികൾ

| | | |
|---|---|---|
| President | - | Emil soji Kulathumkal, Thekkumkutty |
| Vice president | - | Alphy santhosh kuruvanmakkal, kallurutty |
| Secretary | - | Alex Anto Cherian Vazhayil, Thiruvambady |
| Join Secretary | - | Rosniya James Chakkummoottill, Anakkampoyil |

## വിയാനി ദിനം

വിയാനി ദിനത്തിന്റെ ആശംസകൾ അർപ്പിച്ചുകൊണ്ട് രൂപതാ മിഷൻ ലീഗിനു വേണ്ടി ചക്കിട്ടപ്പാറ ഇടവകയിലെ 2 കുഞ്ഞു മിഷനറിമാരായ എൽസാ നിയ ചെറിയംപുറത്ത് (പ്രസംഗം), തോബിത്ത് സിബി മഞ്ഞക്കാലയിൽ (തിളങ്ങുന്ന കുർബാനക്കുപ്പായം ഗാനത്തിന്റെ ഗിറ്റാർ കവർ) എന്നിവർ ആശംസകളർപ്പിച്ചു.

## സംസ്ഥാന ഇലക്ഷൻ

അടുത്ത മൂന്ന് വർഷത്തേക്കുള്ള സംസ്ഥാന നേതൃനിരയിൽ രൂപതയെ പ്രതിനിധീകരിച്ച് മരിയാപുരം ഇടവകാംഗം ശ്രീ. ജിന്റോ തകിടിയേൽ മത്സരിക്കുകയും സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ജിന്റോയ്ക്ക് താമരശ്ശേരി രൂപതയുടെ ഹൃദ്യമായ അഭിനന്ദനങ്ങൾ

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

## അൽഫോൻസിയൻ ആക്ഷൻ സോങ് മത്സരം വിജയികൾ

First - ഇസബെല്ല കോട്ടൂർ, ചക്കിട്ടപാറ

Second - നിഹ മണ്ണഞ്ചേരിൽ, നെൻമേനി

Third - ആൻ മരിയ പടിഞ്ഞാറേതൊട്ടിയിൽ, കോട്ടയ്ക്കൽ

## പ്രോത്സാഹന സമ്മാനം

മിറൽ എലിസബത്ത് പഴേവീട്ടിൽ, ആനിക്കാംപൊയിൽ

## മദർ തെരേസാ ഫാൻസിഡ്രസ് മത്സരം

സെപ്റ്റംബർ 5 നോടനുബന്ധിച്ച് നടത്തപ്പെടുന്ന രൂപതാതല മത്സരത്തിൽ ഒരു ഇടവകയിൽ നിന്നും 2 പേർക്ക് പങ്കെടുക്കാവുന്നതാണ്. തിരുബാലസഖ്യത്തിന്റെ ഇടവകാ ആനിമേറ്റർമാരാണ് ഇടവകയിലെ 2 പേരെ തിരഞ്ഞെടുത്ത് രൂപതാ ഓഫീസിൽ പേരു രജിസ്റ്റർ ചെയ്യേണ്ടത്. ഒരു മിനിറ്റിന്റെ ഒരു വീഡിയോയാണ് ഇപ്രാവശ്യം മത്സരത്തിനായി അയക്കേണ്ടത്. മറ്റ് നിബന്ധനകൾ മത്സരം പ്രഖ്യാപിക്കുമ്പോൾ അറിയിക്കുന്നതാണ്.

## അഭിവന്ദ്യ പിതാവിന് Feast wishing card

ഒക്ടോബർ 1 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യറെമീജിയോസ് പിതാവിന് ആശംസയർപ്പിക്കുന്ന തിരുബാലസഖ്യാംഗങ്ങൾ സ്വന്തമായി കളർ കൊടുത്തു നിർമ്മിച്ചകാർഡ് ഉണ്ടാക്കി രൂപതാ ഓഫീസിലേയ്ക്ക് അയയ്ക്കുക. മികച്ച കാർഡുകൾ (First, Second and Third) പ്രദർശിപ്പിക്കുകയും price money നല്കുകയും ചെയ്യുന്നതാണ്.

## മാസ പ്രോഗ്രാം – മാലാഖമാർക്ക് പ്രതിഷ്ഠിതം

പരിചയപ്പെടുന്ന വിശുദ്ധൻ : വി. വിൻസെന്റ് ഡി പോൾ

പ്രാർത്ഥനാനിയോഗം : അദ്ധ്യാപകർക്കുവേണ്ടി

| | | |
|---|---|---|
| സുകൃതജപം | : | കാവൽമാലാഖയേ എനിക്കു കൂട്ടായിരിക്കണമെ. |
| വചനം | : | "ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു." |
| 1 ബുധൻ | : | എട്ടുനോമ്പ് ആരംഭിക്കുന്നു. |
| 5 ഞായർ | : | വി. മദർ തെരേസയുടെ തിരുനാൾ. അദ്ധ്യാപക ദിനം. മദർ തെരേസ ഫാൻസി ഡ്രസ്സ് മത്സരം |

| | | |
|---|---|---|
| | | മത്താ. 13:1–9,18–23, 2 തെസ. 2:14–3:3 |
| 8 ബുധൻ | : | പരി. മാതാവിന്റെ ജനനതിരുനാൾ |
| 12 ഞായർ | : | മത്താ. 13:24–30, ഫിലി. 1:12–25 |
| 14 ചൊവ്വ | : | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 19 ഞായർ | : | മത്താ. 4:12–17, ഫിലി. 2:1–11 |
| 21 ചൊവ്വ | : | വി. മത്തായിശ്ലീഹായുടെ തിരുനാൾ |
| 26 ഞായർ | : | മത്താ. 17:14–21, ഫിലി. 3:1–11 |
| 27 തിങ്കൾ | : | വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ |
| 29 ബുധൻ | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ തിരുനാൾ |
| പ്രവൃത്തി | : | നമ്മെ പഠിപ്പിക്കുന്ന ഓരോ അദ്ധ്യാപകരെയും കുറിച്ച് അവരിലൂടെ ലഭിച്ച അറിവുകളും നന്മകളും എഴുതിയ ഒരു ചെറിയ കത്ത് നല്കുക. (അദ്ധ്യാപകദിനത്തിൽ നല്കുന്നത് കൂടുതൽ അഭിലഷണീയം) |

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ പഠന പരമ്പരയിലെ ആഗസ്റ്റ് മാസത്തെ ക്ലാസുകൾ നടന്നു. ആഗസ്റ്റ് 14 ന് ക്ലാസ് നയിച്ചത് സീറോ മലബാർ സഭയുടെ ആരാധനക്രമ കമ്മീഷൻ ചെയർമാനും കല്യാൺ രൂപതാധ്യക്ഷനുമായ മാർ തോമസ് ഇലവനാൽ പിതാവായിരുന്നു. 'വിശുദ്ധ കുർബാന: ബലി, സാന്നിധ്യം, ദൈവൈക്യം' എന്ന വിഷയത്തിന്റെ രണ്ടാം ഭാഗമാണ് അദ്ദേഹം എടുത്തത്. ആഗസ്റ്റ് 28 ന് ക്ലാസെടുത്തത് സിറോ മലബാർ ആരാധനക്രമ കമ്മീഷൻ അസി. സെക്രട്ടറിയായ ബഹു. ജേക്കബ് കിഴക്കേവീട്ടിൽ അച്ചനായിരുന്നു.

'മാർ തെയദോറിന്റെയും മാർ നെസ്റ്റോറിയസിന്റെയും അനാഫൊറ: ഒരു പഠനം' എന്ന വിഷയത്തിന്റെ രണ്ടാം ഭാഗമാണ് അദ്ദേഹം എടുത്തത്. സീറോമലബാർ

സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 100 ഓളം പേർ സൂം മീറ്റിലൂടെ ഈ ക്ലാസു കളിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാന യുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം നൽകു ന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് 9446261682 എന്ന വാ ട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ ര ജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശ യങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പോപ്പ് ജോൺ പോൾ സെക്കൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പു രമഠത്തിലച്ചനും പി. എം.ഒ.സി ഡയറക്ടർ ബഹു. ഫിലിപ്പ് ചക്കുംമൂട്ടിലച്ചനും റിജോ കൂത്രപ്പള്ളി, ജോബിൻ പഴംപ്ലാക്കൽ എന്നിവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്**

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നട ന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാ ണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാ ലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാ ണ് ക്ലാസ് നടത്തുന്നത്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ



# വിദ്യാഭ്യാസരംഗം

### പ്ലസ്ടു പരീക്ഷാഫലം 2021

2021 മാർച്ചിൽ നടന്ന പ്ലസ്ടു പരീക്ഷയിൽ മികവാർന്ന വിജയം കരസ്ഥമാക്കാൻ കോർപ്പറേറ്റ് സ്കൂളുകൾക്ക് സാധിച്ചു. പരീക്ഷ എഴുതിയ 2184 പേരിൽ 1977 പേർ (91%) ഉപരിപഠന യോഗ്യത നേടുകയും 298 പേർക്ക് എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിക്കുകയും ചെയ്തു. തോട്ടുമുക്കം ഹയർസെക്കണ്ടറി സ്കൂൾ മുഴുവൻ കുട്ടികളേയും വിജയിപ്പിച്ച് സമ്പൂർണ്ണ വിജയം നേടി. സയൻസ്, കൊമേഴ്സ് ബാച്ചുകളിൽ പുല്ലൂരാംപാറ സ്കൂളും, കൊമേഴ്സിൽ കൂടരഞ്ഞി സ്കൂളും 100% വിജയം കരസ്ഥമാക്കി. തിരുവമ്പാടി സ്കൂളിൽ 86 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു എന്നതും അഭിനന്ദനാർഹമാണ്. മികച്ച വിജയം നേടിയ സ്കൂളുകളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് അഭിനന്ദിച്ചു.

### വി. അൽഫോൻസ ദിനാചരണം

നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുന്നാൾ വൈവിധ്യമാർന്ന പരിപാടികളോടെ കോർപ്പറേറ്റ് സ്കൂളുകളിൽ ആഘോഷിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ സാധ്യതകൾ ഉപയോഗിച്ച് കുട്ടികൾക്കായി ഉപന്യാസം, പ്രസംഗം, ചിത്രരചന, ക്വിസ്, അൽഫോൻസ ഗാനാലാപനം, ഫാൻസി ഡ്രസ്സ് തുടങ്ങിയ മത്സരങ്ങൾ നടത്തുകയും പുണ്യവതിയുടെ ജീവചരിത്രം പ്രദർശിപ്പിക്കുകയും ചെയ്തു. നിർധന വിദ്യാർത്ഥികളുടെ ചികിത്സാ സഹായത്തിനായി കോർപ്പറേറ്റ് തലത്തിൽ സമാഹരിച്ചിട്ടുള്ള അൽഫോൻസ സ്നേഹനിധിയിൽ നിന്ന് 2 കുട്ടികൾക്ക് സഹായധനം നൽകി.

### സ്വാതന്ത്ര്യ ദിനാഘോഷം

രാഷ്ട്രത്തിന്റെ 75-ാം സ്വാതന്ത്ര്യദിനം കോർപ്പറേറ്റ് സ്കൂളുകളിൽ സമുചിതമായി ആചരിച്ചു. പതാക വന്ദനം, പ്രമുഖ വ്യക്തികളുടെ പ്രഭാഷണം, വെർച്വൽ അസംബ്ലി, ദേശഭക്തി ഗാനാലാപനം, വിവിധ മത്സരങ്ങൾ എന്നിവ സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

### അധ്യാപക നിയമന എഴുത്തുപരീക്ഷ

കോർപ്പറേറ്റ് സ്കൂളുകളിൽ അധ്യാപക നിയമനത്തിനുള്ള (പ്രൈമറി, അറബിക്, മലയാളം) അപേക്ഷാർത്ഥികൾക്ക് വേണ്ടി എഴുത്ത് പരീക്ഷ 16/08/2021 ന് പുല്ലൂരാംപാറ, കല്ലാനോട്, കൂരാച്ചുണ്ട്, കുളത്തുവയൽ എന്നീ 4 കേന്ദ്രങ്ങളിൽ വച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തപ്പെട്ടു.

## ആദരാഞ്ജലികൾ

നെന്മേനി വിദ്യാജ്യോതി യു.പി. സ്കൂളിലെ അറബിക് അധ്യാപകൻ ശ്രീ. എം. കെ. അബ്ദുൾ നാസർ മാസ്റ്റർ (54 വയസ്സ്) പെട്ടന്നുണ്ടായ ഹൃദയാഘാതത്തെ തുടർന്ന് 17/08/2021 ന് നിര്യാതനായി. 1992 ൽ സർവീസിൽ പ്രവേശിച്ച അദ്ദേഹം കഴിഞ്ഞ 29 വർഷവും നെന്മേനി സ്കൂളിൽ തന്നെയാണ് സേവനം അനുഷ്ഠിച്ചിരുന്നത്. വിദ്യാർഥികൾക്കും, രക്ഷിതാക്കൾക്കും, സഹപ്രവർത്തകർക്കും ഏറെ പ്രിയങ്കരനായിരുന്ന നാസർ മാസ്റ്ററുടെ അകാല വേർപാടിൽ അനുശോചനം രേഖപ്പെടുത്തുകയും താമരശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആദരാഞ്ജലികളും പ്രാർത്ഥനയും നേരുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പാലക്കാട്ട്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## MTC Course 2021-22

സ്റ്റാർട്ടിന്റെ പരിശീലനപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട കോഴ് സായ പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സംഘടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലന കോഴ്സിന്റെ കഴിഞ്ഞ ബാച്ച് ഓൺലൈനായിട്ടാണ് നടത്തിയത്. സെൻട്രൽ യൂണിവേഴ്സിറ്റികൾ നടത്തുന്ന എൻട്രൻസ് പരീക്ഷകളുടെ തിയ്യതികളും വിവരങ്ങളും അവർ അറിയിച്ചുതുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ബാച്ചിലെ നമ്മുടെ കുട്ടികൾ പേര് രജിസ്റ്റർ ചെയ്തുകൊണ്ടിരിയ്ക്കുകയാണ്. എല്ലാവർഷവും നമ്മൾ ആരംഭിക്കുന്ന ജൂൺ 15ന് തന്നെ ആരംഭിച്ച് മുൻപോട്ട് പോകുന്നു. ഈ വർഷവും ഡിസംബർ വരെയെങ്കിലും ക്ലാസ്സുകൾ ഓൺലൈനായി നടത്തേണ്ടിവരും. പുതിയബാച്ചിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഉടനെതന്നെ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ആഗസ്റ്റ് 31 ന് അഡ്മിഷൻ അവസാനിക്കും.

### പുതിയ PSC പരിശീലനകോഴ്സ് 'SPARK' 2

ഈ വർഷം ഡിഗ്രി, പിജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠിച്ചുകഴിഞ്ഞവരുമായ യുവജനങ്ങൾക്കുവേണ്ടി PSC, UPSC, മറ്റ് ഉന്നത മത്സരപരീക്ഷകൾ എന്നിവയ്ക്ക് നന്നായി ഒരുങ്ങുന്നതിനുവേണ്ടി മെയ് 15 ന് ആരംഭിച്ച നാലുമാസം ദീർഘിക്കുന്ന ഓൺലൈൻ പഠനപരിശീലനപരിപാടി മൂന്നുമാസം പിന്നിട്ട് മുൻപോട്ട് പോകുന്നു. ഇംഗ്ലീഷ്, ലോജിക്കൽ റീസണിങ്, അടിസ്ഥാനഗണിതം, പൊതുവിജ്ഞാനം തുടങ്ങിയവിഷയങ്ങളാണ് ഈ കോഴ്സിൽ പഠിപ്പിക്കുന്നത്.

ഈ കോഴ്സിന്റെ രണ്ടാമത് ഒരു ബാച്ചുകൂടി സെപ്റ്റംബർ 1 മുതൽആരംഭിക്കുന്നു. മുൻ ബാച്ചിൽ നിന്ന് വ്യത്യസ്തമായി ആറുമാസമാണ് ഈ കോഴ്സിന്റെ ദൈർ

ഘ്യം. 2022 ഫെബ്രുവരി 28 ന് അവസാനിക്കുന്ന ഈ കോഴ്സിൽ ചേരാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**അഡ്വാൻസ്ഡ്ലെവൽ സ്റ്റാർലൈറ്റ് ഇ ലേർണിംഗ് പ്രോഗ്രാം**

സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി അഞ്ചാംക്ലാസ്സു മുതലുള്ള കുട്ടികൾക്കുവേണ്ടി ഏപ്രിൽ 10 ന് ആരംഭിച്ച കോഴ്സിന്റെ അഡ്വാൻസ്ഡ് ലെവൽ കോഴ്സ് ജൂലൈ 20 മുതൽ ആരംഭിച്ചു മുൻപോട്ട് പോകുന്നു. ഇംഗ്ലീഷ് ഗ്രാമറും ലോജിക്കൽ റീസണിംഗും ആണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മെയ് 10 ന് ആരംഭിച്ച ബാച്ചിന്റെ തുടർപരിശീലനമായിആരംഭിച്ച ഈ കോഴ്സ് ഓഗസ്റ്റ് 20 ന് ആരംഭിച്ചു . വിവിധബാച്ചുകളായി തിരിച്ച് നടത്തപ്പെടുന്ന ഈ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികളെല്ലാം വളരെ താല്പര്യത്തോടെ പഠിക്കുന്നു.

സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0495 2357843, 8590468035 (whatsapp), e-mail: startindia@gmail.com

**ഫാ. ആന്റണി കാരികുന്നേൽ മോൺ. ആൻറണി കൊഴുവനാൽ അസി. ഡയറക്ടർ ഡയറക്ടർ, സ്റ്റാർട്ട്**

# ആൽഫ മരിയ അക്കാദമി

**പ്ലസ് വൺ പ്ലസ് ടു (എൻട്രസ് പരിശീലനവും ട്യൂഷനും)**

2021–2022 അധ്യായന വർഷത്തെ പ്ലസ് വൺ പ്ലസ ടു സയൻസ് ട്യൂഷനും എൻട്രൻസ് പരിശീലനവും ആരംഭിച്ചു.

**പിഎസ്സി സ്റ്റാഫ് നേഴ്സ് (DME) നേഴ്സിംഗ് ട്യൂട്ടർ പരിശീലനം**

2021 ൽ നടക്കുന്ന സ്റ്റാഫ് നേഴ്സ് (DME) പരീക്ഷയ്ക്കുള്ള മൂന്നാമത്തെ ബാച്ച് സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്നു. ഓൺലൈൻ വഴിയാണ് ക്ലാസുകൾ നടക്കുന്നത്.

**മികച്ച വിജയം**

2021–2022 അധ്യയന വർഷത്തിൽ ആൽഫയിൽ നിന്നും സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പരിശീലനവും ഒപ്പം പ്ലസ് ടു ഹ്യുമാനിറ്റിക്സ് പഠിച്ച പത്ത് വിദ്യാർത്ഥികളും പരിക്ഷയിൽ മികച്ച വിജയം നേടി. അഭിനന്ദനങ്ങൾ ആശംസകൾ

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# മാതൃവേദി

പരിശുദ്ധ അമ്മയുടെ ജനന തിരുനാൾ ആഘോഷിക്കുന്ന സെപ്റ്റംബർ മാസം മാതൃവേദി സംഘടനയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട മാസമാണ്. പുതിയ അംഗങ്ങളെ ചേർക്കുവാനും നിലവിലുള്ള അംഗങ്ങളുടെ അംഗത്വം നവീകരണം നടത്തുകയും ചെയ്യുന്നത് സെപ്റ്റംബർ എട്ടിനാണ്. എട്ടു നോമ്പ് ആചരിക്കുകയും അതിലൂടെ സമാഹരിക്കുന്ന തുക മാതൃ വേദിയുടെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുകയും ചെയ്യേണ്ടതാണ്.

### ഹരിതാഭ

ജൈവ പച്ചക്കറി കൃഷി, അടുക്കളത്തോട്ടനിർമ്മാണം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് രൂപതയിലെ അമ്മമാർക്കായി ഹരിതാഭ എന്ന പേരിൽ വെബിനാർ നടത്തി. പാറോപ്പടി ഇടവകാംഗവും കൃഷി ഓഫീസറുമായ ശ്രീമതി ബീന ടി. എ സെമിനാർ നയിച്ചു. ഫാ. പ്രിയേഷ് തേവടിയിൽ, സി. ഫിലോ SABS, ദീപാ റെജി എന്നിവർ നേതൃത്വം നൽകി.

### SMM കർഷക ഗ്രൂപ്പ്

കൃഷി സംബന്ധമായ അറിയിപ്പുകൾ നൽകുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി അമ്മമാർക്കായി രൂപതാ തലത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പ് SMM കർഷക ഗ്രൂപ്പ് ആരംഭിച്ചു. കൃഷി ഓഫീസർ ബീന ടി എ ഈ ഗ്രൂപ്പിലൂടെ അമ്മമാരുടെ അടുക്കളത്തോട്ട ജൈവകൃഷി സംബന്ധമായ സംശയങ്ങൾക്ക് പരിഹാരം പറഞ്ഞു കൊടുക്കുന്നതാണ്.

### ഓഗസ്റ്റ് 15

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ പതിനൊന്ന് മേഖലകളിൽ നിന്നായി 11 അമ്മമാർ പരിശുദ്ധദൈവമാതാവിന്റെ വിവിധ തിരുനാളുകളെപ്പറ്റി വിശദീകരിക്കുന്ന വീഡിയോ മാതൃവേദിയുടെ മരിയൻ യൂട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തു.

### വൈദിക ദിനാശംസകൾ

വൈദിക ദിനത്തോടനുബന്ധിച്ച് രൂപതയിലെ എല്ലാ ഇടവകാ വൈദികരെയും മാതൃവേദി അംഗങ്ങൾ ആശംസകൾ അറിയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

### മമ്മാ മിയ

ആരാധന സന്യാസിനി സഭയിലെ ചങ്ങനാശ്ശേരി സെന്റ് തോമസ് പ്രോവിൻസ് നടത്തുന്ന 'മമ്മ മിയ ടാബ്ലോ' മത്സരത്തിൽ താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള അമ്മമാർ പങ്കെടുത്തു.

### പ്രിയ മലയാളം

തിരുവോണ ദിനത്തിൽ താമരശ്ശേരി രൂപതയിലെ മേഖലാ ഇടവകാ ഭാരവാഹികൾക്കായി പ്രിയ മലയാളം എന്ന പേരിൽ ഒരു മിനിറ്റ് മലയാളത്തിൽ മാത്രം സംസാരിക്കുക എന്ന മത്സരം നടത്തി. കല്ലാനോട് ഇടവകയിലെ നിമ്മി പൊതിയിട്ടേൽ ഒന്നാം സ്ഥാ

നം നേടി. ഡോളി വരകുപാറക്കൽ വയലടയും ഡാർലി തലക്കോട്ടൂർ ബാലുശ്ശേരി എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. സമ്മാനാർഹർക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

## വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച ലേഖനമത്സരം

ഇന്റർനാഷണൽ മാതൃവേദി നടത്തുന്ന വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചുള്ള ലേഖന മത്സരത്തിന്റെ ഭാഗമായി മേഖലാ തലത്തിൽ പതിനൊന്ന് മേഖലകളിലും ലേഖനമത്സരം നടന്നു.

## ജെ ബി കോശി കമ്മീഷൻ നിവേദനങ്ങൾ

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി മാതൃവേദി 460 ഓളം നിവേദനങ്ങൾ ജെബി കോശി കമ്മീഷന് അയച്ചു. രൂപതാ തലത്തിൽ നിവേദനങ്ങൾ അയയ്ക്കുന്നതിനായി രൂപതയിലെ മാതൃവേദി അംഗങ്ങൾക്കിടയിൽ സർവേ നടത്തുകയും അതിൽ നിന്ന് ലഭിച്ച വിവരങ്ങളും ഗ്രാഫുകളും ഉൾപ്പെടുത്തി രൂപത മാതൃവേദി നിവേദനങ്ങൾ അയയ്ക്കുകയും ചെയ്തു.

## അന്തർദേശീയ സീറോ മലബാർ മാതൃവേദി ജനറൽ ബോഡി യോഗം

ജൂലൈ 31 ന് ഓൺലൈനായി നടന്ന അന്തർദേശീയ സീറോ മലബാർ മാതൃവേദിയുടെ ജനറൽബോഡിയോഗം മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതയിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങളും സെനറ്റ് മെമ്പേഴ്സും ജനറൽബോഡി യോഗത്തിൽ പങ്കെടുത്തു. 2021 ജനുവരി മുതൽ ജൂലൈ മാസം വരെ താമരശ്ശേരി രൂപത മാതൃവേദി നടത്തിയ വിവിധ പ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് അന്തർദേശീയ മാതൃവേദിക്ക് കൈമാറി. ഈ ഏഴു മാസങ്ങൾ കൊണ്ട് താമരശ്ശേരി രൂപതയിലെ രൂപത മേഖല ഇടവകകൾ ഒന്നിച്ചു ചേർന്ന് വിവിധ കാരുണ്യ പ്രവർത്തനങ്ങൾക്കായി ഒമ്പത് ലക്ഷത്തോളം രൂപയാണ് ചിലവാക്കിയിരിക്കുന്നത്.

## രൂപത എക്സിക്യൂട്ടീവ്

ആഗസ്റ്റ് മാസത്തിലെ രൂപത എക്സിക്യൂട്ടീവ് 24 ന് രൂപതാ ഓഫീസിൽ വച്ച് ചേരുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഇടവകകളിൽ ഒഴിവുള്ള ഭാരവാഹിത്വങ്ങൾ നികത്തുവാനും മേഖലകളിലെ തെരഞ്ഞെടുപ്പ് ഡിസംബറിന് മുമ്പായി പൂർത്തീകരിക്കുവാനും തീരുമാനിച്ചു.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മാതൃവേദി

# ആദരാഞ്ജലികൾ

## സി. സെലിഗ്വരിൻ ട്രീസാ എസ്. എച്ച്.

ജനനം : 02-02-1938, മരണം : 01- 08-2021



തൃശ്ശൂർ അതിരൂപതയിലെ പാവറട്ടി ഊക്കൻ മാത്യു-റോസാ ദമ്പതികളുടെ 11 മക്കളിൽ 5-ാമത്തെ മകളായി 1938 ഫെബ്രുവരി 2 ന് സി. സെലിഗ്വരിൻ ട്രീസാ ജനിച്ചു. ഉർസുലൈൻ സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസവും തൃശ്ശൂർ സെന്റ് മേരീസ് സ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി, 1962 ൽ മലബാറിലേക്ക് കടന്നുവന്ന്, തിരുഹൃദയസന്ന്യാസിനി സമൂഹത്തിൽ അംഗമായിചേർന്നു. 1964 പ്രഥമവ്രതവാഗ്ദാനവും 1968 ൽ നിത്യവ്രതവാഗ്ദാനവും ചെയ്ത് തിരുഹൃദയനാഥന് സമ്പൂർണ്ണമായി സമർപ്പിച്ചു.

കുഞ്ഞുങ്ങൾക്ക് വിദ്യപകർന്ന് അറിവിന്റെ ലോകത്തിലേക്ക് അവരെ നയിക്കുവാനും ദൈവസ്നേഹത്തിന്റെയും സഹോദര സ്നേഹത്തിന്റെയും വലിയ പാഠങ്ങൾ പകർന്ന് കൊടുക്കുവാനും തന്റെ അധ്യാപന ജീവിതത്തിലൂടെ സി. സെലിഗ്വരിൻ ട്രീസായ്ക്ക് സാധിച്ചു. തലയാട് ഭവനത്തിൽ സുപ്പീരിയറായും കരുവഞ്ചാൽ, പുലുക്കുരുമ്പ, വെള്ളാട്, വായാട്ടുപറമ്പ്, കൊളക്കാട്, പേരാവൂർ, തൊക്കിലങ്ങാടി, കട്ടിപ്പാറ, കല്ലുരുട്ടി, കൂരാച്ചുണ്ട്, കാറ്റുള്ളമല, മേരിക്കുന്ന് പ്രൊവിൻഷ്യൽ ഹൗസ്, മരിയാപുരം, ചെമ്പുകടവ്, കുളിരാമുട്ടി എന്നീ ഭവനങ്ങളിൽ ഭവനാംഗമായും ശുശ്രൂഷ ചെയ്തു. മരിയാപുരം ഭവനസമൂഹത്തിൽ വിശ്രമജീവിതം നയിക്കവേ, 2020 ജൂൺ 6-ന് സിസ്റ്ററിനെ മരിയാപുരത്ത് നിന്ന് കൂരാച്ചുണ്ട് സാന്തോം ഭവനിലേക്ക് കൊണ്ടുവന്നു.

തന്റെ രോഗാവസ്ഥയിൽ എല്ലാം ദൈവത്തിനുസമർപ്പിച്ച് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്ന സിസ്റ്റർ, 2021 ഓഗസ്റ്റ് 1-ാം തിയ്യതി വൈകുന്നേരം 5.40 ന് സമൂഹാംഗങ്ങളുടെ പ്രാർത്ഥനയും അനുഗ്രഹവും സ്വീകരിച്ച് ദിവ്യമണവാളന്റെ സന്നിധിയിലേക്ക് പറന്നുയർന്നു. വിശുദ്ധിയോടെ, വിശ്വസ്തതയോടെ തന്റെ ഓട്ടം പൂർത്തിയാക്കിയ സി. സെലിഗ്വരിൻ ട്രീസായെ നല്ല ദൈവം ജീവന്റെ കിരീടം അണിയിക്കട്ടെ. താമരശ്ശേരി രൂപതയുടെ ആദരാഞ്ജലികളും പ്രാർത്ഥനകളും.

# സി. ഫ്രാൻസിസ് കബ്രീനി എസ്. എച്ച്

ജനനം : 14-12-1932, മരണം : 24- 08-2021



ഇരിങ്ങാലക്കുട രൂപതയിൽ, ഇരിങ്ങാലക്കുട ഇടവകയിൽ പരേതരായ ആലപ്പാട്ട് വർഗ്ഗീസ് - അന്നമ്മ ദമ്പതികളുടെ ഏഴു മക്കളിൽ അഞ്ചാമത്തെ പുത്രിയായി 1932 ഡിസംബർ 14 ന് സി. ഫ്രാൻസിസ് കബ്രീനി ജനിച്ചു. ദൈവസ്നേഹത്തിന്റെ ബാലപാഠങ്ങൾ പഠിച്ചറിഞ്ഞ സി. കബ്രീനി ഇരിങ്ങാലക്കുട ലിറ്റിൽഫ്ളവർ സ്കൂളിൽ നിന്നും ഹൈസ്കൂൾ പഠനം പൂർത്തിയാക്കി.

1957 ൽ TTC പഠനം പൂർത്തിയാക്കിയ ശേഷം മരിയാപുരം തിരുഹൃദയമഠത്തിൽ അർത്ഥിനിയായിചേർന്നു. പരിശീലനത്തിന്റെ വിവിധ കാലഘട്ടങ്ങൾ പൂർത്തിയാക്കി 1961 മെയ് 6 -ാം തിയ്യതി ആദ്യവ്രതവാഗ്ദാനവും 1964 മെയ് 6-ാം തിയ്യതി നിത്യവ്രതവാഗ്ദാനവും നടത്തി തിരുഹൃദയനാഥന്റെ സ്വന്തമായിതീർന്നു.

കുളത്തുവയൽ, കൂരാച്ചുണ്ട്, പോരൂർ, കല്ലാനോട്, പൈസക്കരി, വെള്ളാട്, കല്ലുരുട്ടി, തിരൂർ, ചെമ്പുകടവ്, മാങ്കാവ്, മരിയാപുരം, സാന്തോം ഭവൻ എന്നിവിടങ്ങളിൽ അധ്യാപികയായും സുപ്പീരിയറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 29 വർഷക്കാലം അധ്യാപനരംഗത്ത് നിറസാന്നിധ്യമായിരുന്ന ബഹു. കബ്രീനാമ്മ കുഞ്ഞുങ്ങൾക്ക് അറിവിന്റെ അക്ഷരക്കൂട്ടങ്ങൾ പകർന്നുകൊടുക്കുന്നതിലും, കുഞ്ഞുങ്ങളിൽ ദൈവസ്നേഹം നിറയ്ക്കുന്നതിലും നിതാന്ത ജാഗ്രതയുള്ളവളായിരുന്നു.

കൂരാച്ചുണ്ട് സാന്തോം ഭവനിൽ വിശ്രമജീവിതം നയിച്ചുവരവെ 2021 ആഗസ്റ്റ് 24 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 25 -ാം തിയതി താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന മൃതസംസ്ക്കാര ശുശ്രൂഷകൾക്ക്ശേഷം ഭൗതികദേഹം കുളത്തുവയൽ സെന്റ് ജോർജ് തീർഥാടന ദൈവാലയസിമിത്തേരിയിൽ സംസ്ക്കരിച്ചു.

'കഷ്ടപ്പെട്ട് പുണ്യം സമ്പാദിക്കണം' എന്നത് ആപ്തവാക്യമായി സ്വീകരിച്ച് 60 വർഷത്തെ ലളിതമായ സന്യാസജീവിതത്തിലൂടെ അനേകർക്ക് മാതൃകയായിതീർന്ന കബ്രീനാമ്മയുടെ പാവനസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ.

# കുടുംബ പ്രേഷിതത്വം

ആഗസ്റ്റ് 13,14,15 തീയതികളിൽ നടന്ന ഓൺലൈൻ പ്രീകാനാ കോഴ്സിൽ 164 യുവതീയുവാക്കൾ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിൽ 10-12 തീയതികളിലും ഒക്ടോബർ മാസത്തിൽ 8-10 തീയതികളിലും പ്രീകാനാ കോഴ്സ് നടക്കുന്നതാണ്.

ജൂലൈ 25 മുതിർന്നവരുടെയും ഗ്രാന്റ് പേരൻസിന്റെ ദിനമായി ആചരിച്ചതിന്റെ പശ്ചാത്തലത്തിൽ സീറോമലബാർ ഫാമിലി കമ്മീഷൻ സൂം പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ച മുതിർന്നവരുടെയും ഗ്രാന്റ് പേരന്റ്സിന്റെയും സംഗമത്തിൽ താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് 11 കുടുംബങ്ങൾ പങ്കെടുത്തു. ആന്റണി മൂഴിക്കോട് (കുണ്ടായിത്തോട്), തങ്കച്ചൻ താന്നിക്കപ്പാറ (മരുതോങ്കര), ജോൺ വലിയകുളത്തിൽ (കോടഞ്ചേരി), അബ്രാഹം തോട്ടപ്പള്ളി (താമരശ്ശേരി), മാത്യു തറപ്പുതൊട്ടിയിൽ (തോട്ടുമുക്കം), ജോൺ കൊട്ടാരത്തിൽ (തിരുവമ്പാടി), മാത്തുക്കുട്ടി കണ്ടങ്കരി (പെരിന്തൽമണ്ണ), തോമസ് ചേനപ്പറമ്പിൽ (കൂരാച്ചുണ്ട്), ജോൺസൺ ഏലിക്കൽ (വിലങ്ങാട്), ജോസി ചുങ്കത്ത് (മാങ്കാവ്), തോമസ് കുരുവിള കാരിമറ്റത്തിൽ (മഞ്ചേരി) എന്നീ കുടുംബങ്ങളാണ് പങ്കെടുത്തത്. യോഗത്തിന് സീറോമലബാർ സഭാധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു.

ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസിൽ കഴിഞ്ഞ നാലുമാസമായി സേവനം ചെയ്ത ബ്രദർ അലൻ പോത്തനാമുഴിയിൽ പുതിയ സേവനമേഖലയിലേക്ക് സ്ഥലം മാറിപോയി. ബ്രദർ അലന് കൃതജ്ഞതയും പ്രാർത്ഥനാശംസകളും നേരുന്നു.

**ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ**
ഡയറക്ടർ, കുടുംബ പ്രേഷിതത്വം

# കെ.സി.വൈ.എം.

**കേശദാന യജ്ഞം 2021**

ക്യാൻസർ രോഗികൾക്ക് വിഗ്ഗുകൾ നിർമിച്ചു നൽകുന്നതിനായി തൃശൂർ അമല മെഡിക്കൽ കോളേജ് ക്യാൻസർ സെന്ററുമായി സഹകരിച്ച് ഈ വർഷവും കേശദാന യജ്ഞം ആരംഭിച്ചു. ആഗസ്റ്റ് 15ന് പെരിന്തൽമണ്ണ ഫൊറോന അർദ്ധവാർഷികസെനറ്റ് യോഗത്തിൽ മേഖലാ ഡയറക്ടർ ഫാ. മനോജ് കൊച്ചുമുറിയിൽ കേശദാന യജ്ഞം ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 10 ന് മുമ്പ് 30 സെന്റീമീറ്റർ നീളമുള്ള മുടി രൂപത ഓഫീസിലോ കെസിവൈഎം മേൽവിലാസത്തിൽ അയച്ചോ എത്തിച്ചു തരാവുന്നതാണ്.

താഴെ തന്നിരിക്കുന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പക്കൽ നിന്നും നേരിട്ട് ശേഖരിക്കുന്നതുമാണ്. Ph: 7006389939.

## 'ഇടയനു വേണ്ടി ഇടയോടൊപ്പം' – പ്രാർത്ഥനാ യജ്ഞത്തിന് തുടക്കമായി

ആഗസ്റ്റ് 4 വൈദിക ദിനത്തിൽ രൂപതയിലെ വൈദീകർക്ക് വേണ്ടി യുവജനങ്ങൾ പ്രാർത്ഥിക്കുന്ന: 'ഇടയന് വേണ്ടി, ഇടയനോടൊപ്പം" യജ്ഞത്തിന് തുടക്കമായി.

രൂപതയുടെ 204 വൈദികർക്കുവേണ്ടിയും രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസ വൈദികർക്കു വേണ്ടിയും യുവജനങ്ങൾ ഒരുവർഷത്തോളം പ്രത്യേകമായി പ്രാർത്ഥിക്കുന്ന ഈ പരിപാടിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു. രൂപതയിൽ മികച്ചരീതിയിൽ യുവജന ശുശ്രൂഷ ചെയ്തുവരുന്ന മേഖല ഡയറക്ടറച്ചൻമാരെയുംയൂണിറ്റ് ഡയറക്ടറച്ചൻമാരെയും പ്രത്യേകമായി ആദരിക്കുകയും വൈദികരുടെ തിരുനാൾ ആശംസകൾ ഔദ്യോഗികമായി നേരുകയും ചെയ്തു.

## അഭിവന്ദ്യ പിതാവിന് ജന്മദിനാശംസകൾ നേർന്നു

താമരശ്ശേരി ഭവനിൽ വെച്ച് അഭിവന്ദ്യ പിതാവിന് ജന്മദിനത്തിൽ പിതാവിന് ആശംസകൾ നേർന്നു. ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, റിച്ചാർഡ് ജോൺ, ടിബിൻ അഗസ്റ്റിൻ, ഹൃദിൻ, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ എന്നിവർ സന്നിഹിതരായിരുന്നു.

## പുതിയ മേഖല ആനിമേറ്റർമാർക്ക് സ്വാഗതം

പെരിന്തൽമണ്ണ ഫൊറോനയുടെ പുതിയ അനിമേറ്ററായി ചുമതലയേറ്റ സി. ഉദയ സിഎംസി ക്കും മലപ്പുറം ഫൊറോനയുടെ അനിമേറ്ററായി ചുമതലയേറ്റ സി. ലിസ്ബൽ എസ് എ ബി എസിനും വിലങ്ങാട് മേഖല ആനിമേറ്ററായി ചുമതലയേറ്റ സി. എലിസബത്ത് എം എസ് എം ഐക്കും ഹൃദയമായ സ്വാഗതം.

## ഹൃദയപൂർവ്വം നന്ദി

വിലങ്ങാട് മേഖല അനിമേറ്റർ ആയി കഴിഞ്ഞ രണ്ടു വർഷക്കാലത്തോളം സ്തുത്യർഹമായി സേവനം ചെയ്ത സി. റൊസീൻ എസ് എ ബി എസിന് രൂപതാ കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## തണൽ വീടിന് തറക്കല്ലിട്ടു

എസ് എം വൈ എം അബുദാബിയുമായി സഹകരിച്ചുകൊണ്ട് ഗര്യാ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ രൂപതയിലെ ഒരു KCYM പ്രവർത്തകയ്ക്ക് നിർമിച്ചുനൽകുന്ന ഭവനത്തിന്റെ തറക്കല്ലിടൽ ഓഗസ്റ്റ് 22 ഞായറാഴ്ച്ച മോൺ. ജോൺ ഒറവുങ്കര നിർവഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ഇടവക വികാരി ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ, രൂപത പ്രസിഡന്റ് വിശാഖ് തോമസ്, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ എന്നിവർ സന്നിഹിതരായിരുന്നു. ഭവന നിർമാണം പൂർത്തിയാക്കാൻ ആവശ്യമയ സാമ്പത്തിക സഹായങ്ങൾ നൽകി കൊണ്ട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### സഹായ ധനശേഖരണം

അപകടത്തിൽപെട്ട് ചികിൽസയിൽ കിടക്കുന്ന ചെമ്പനോട സ്വദേശിയായ കുട്ടിക്ക് വേണ്ടിയുള്ള സഹായനിധി സ്വരൂപിച്ചു നൽകി. ചെമ്പനോട സര്യാ യൂണിറ്റിന്റെ നേതൃത്വത്തിലാണ് ധനസമാഹരണം നടത്തിയത്.

### മേഖലാ സെനറ്റുകൾ

ലോകത്തിലെ വിവിധ മേഖലകളിലെ അർദ്ധവാർഷിക സെനറ്റുകൾ നടന്നുവരുന്നു. നേതൃത്വം നൽകുന്ന ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റേഴ്സിനും മേഖല ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

### പ്രതിഷേധങ്ങൾ

1. ആഗസ്റ്റ് ഒന്നിന് KCYM official എന്ന പേരിൽ ഫേസ്ബുക്ക് പേജിലൂടെ സംഘടനയ്ക്കെതിരെ നടത്തിയ ദുഷ്പ്രചാരണങ്ങളിൽ പ്രതിഷേധം രേഖപ്പെടുത്തി.
2. ആഗസ്റ്റ് 22 ന് കാത്തോലിക്കാ വിശ്വാസ സത്യങ്ങളെ അവഹേളിക്കുന്ന സിനിമ ട്രെൻഡിനെതിരെ പ്രതിഷേധം രേഖപ്പെടുത്തി.
3. വിലാപദിനം ആചരിച്ചു: ഇന്ത്യയിൽ MTP Act നിലവിൽ വന്ന് 50 വർഷം പൂർത്തിയായ ഓഗസ്റ്റ് വിലാപദിനമായി ആചരിച്ചു.
4. സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം ആഗസ്റ്റ് 17 ന് താലിബാൻ തീവ്രവാദികളുടെ അഫ്ഗാൻ അതിക്രമത്തിൽ തിരിതെളിച്ച് പ്രാർത്ഥനാ ദിനം ആചരിക്കുകയും അഫ്ഗാനിസ്ഥാനിലെ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

### അഭിനന്ദനങ്ങൾ അറിയിച്ചു

1. EWS നിഷേധിക്കപ്പെട്ടവർക്കായി നിയമസഭയിൽ ശബ്ദമുയർത്തിയ റോജി എം. ജോൺ MLA യ്ക്ക് ആഗസ്റ്റ് മൂന്നാം തീയതി അഭിനന്ദനങ്ങൾ അറിയിച്ചു.
2. ജീവനൊപ്പം നിലപാടെടുത്ത് 18 ആഴ്ചയോളം ഗർഭിണിയായിരിക്കെ ഒളിമ്പിക്സിൽ പങ്കെടുത്ത കായിക താരത്തിന് അഭിനന്ദനങ്ങൾ സോഷ്യൽ മീഡിയയിൽ അറിയിച്ചു.

### മറ്റു പരിപാടികൾ

1. താമരശ്ശേരി മേഖലയുടെ നേതൃത്വത്തിൽ ഇടവകകളെ യോജിപ്പിച്ചുകൊണ്ട് പ്രയാൺ യൂണിറ്റ് വിസിറ്റ് എമ്മാവൂസ് യാത്ര എന്നപേരിൽ നടത്തി. അതോടൊപ്പം ഓഗസ്റ്റ് 15ന് 'അമ്മയോടൊപ്പം' ഓൺലൈൻ Singing Context ഉം നടത്തി.
2. സ്വാതന്ത്ര്യദിനത്തോടും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടും അനുബന്ധിച്ച് വിവിധ യൂണിറ്റുകളിൽ ക്വിസ് മത്സരങ്ങൾ നടത്തി.
3. തിരുവമ്പാടി യൂണിറ്റിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസും EWS സംവരണ സംശയനിവാരണ സെമിനാറും നടത്തി.
4. നെന്മേനി യൂണിറ്റിന്റെ നേതൃത്വത്തിൽ ഓണത്തോട് അനുബന്ധിച്ച് മലയാളി മങ്ക കേരള ശ്രീമാൻ മത്സരം നടത്തി.

## അറിയിപ്പുകൾ

1. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി യൂണിറ്റ് ഇലക്ഷൻസ് നടത്തേണ്ടതാണ് എന്ന് ഓർമിപ്പിക്കുന്നു. 2021 പ്രവർത്തന വർഷം ഡിസംബറോടെ അവസാനിക്കുന്ന സാഹചര്യത്തിലാണ് ഇത്. യൂണിറ്റ് ഇലക്ഷനിൽ രൂപത പ്രതിനിധികളുടെ സാന്നിധ്യം ഉണ്ടാകും എന്നും അറിയിക്കുന്നു. നേരിട്ടോ ഓൺലൈനായോ പൊതുയോഗം നടത്താവുന്നതാണ്.
2. സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ഓൺലൈൻ നിലാവ് കൂട്ടങ്ങൾ സംഘടിപ്പിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

## ജീസസ് യൂത്ത്

ജീസസ് യൂത്ത് കോഴിക്കോട് സോൺ ഈ മഹാമാരിയുടെ കാലത്തും വിവിധ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ദൈവസ്നേഹം ഏവരിലേക്കും എത്തിക്കാൻ നിരവധി പരിപാടികൾ നടത്തുന്നുണ്ട്.

### സോണൽ പാരിഷ് മിനിസ്ട്രി

ജീസസ് യൂത്ത് മുന്നേറ്റം ഇടവകകളിലൂടെ പരിപോഷിപ്പിക്കുന്നതിനും ദൈവസ്നേഹാനുഭവത്തിൽ വളരുന്നതിനുമായി തുടങ്ങിയ മിനസ്ട്രിയാണ് പാരീഷ് മിനിസ്ട്രി. ജൂലൈ 25 ന് പുതിയ പാരീഷ് ടീം രൂപീകരിച്ചു. കോഴിക്കോട് കുപ്പായക്കോട് ഉള്ള മരിയ മനോജ് ആണ് അസിസ്റ്റന്റ് കോർഡിനേറ്റർ. ഷിന്റോ തോമസ്, അരുണിം, ആൽബർട്ട്, ലിയോണ മരിയ, മിന്നു, ലിയ ജോയ് തുടങ്ങിയവരാണ് മറ്റ് അംഗങ്ങൾ.

### സോണൽ മിഷൻ ആന്റ് ഔട്ട്റിച്ച് ടീം

സോണിന്റെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ടീമാണിത്. ക്രിസ്തുവിന്റെ സ്നേഹം സമൂഹത്തിലേക്ക് എത്തിക്കാൻ സഹായിക്കുന്നു. പുതുതായി ജൂലൈ 25 ന് ഒരു ടീം രൂപീകരിച്ചു. ബ്ലസി തെരേസ് ആണ് കോർഡിനേറ്റർ മറ്റ് അംഗങ്ങൾ ബിന്ദു ബിജു, അഖിൽ തോമസ്, ജോസ് റ്റി. മിനി ആഗ്നസ്, ആൻലി അന്ന തോമസ്, ഡെറിഷ് ജോസ്, ജോസ്‌ലെറ്റ് ജോസ് എന്നിവരാണ്.

### Thea Lexi Bible Marathone

ജീസസ് യൂത്ത് കുഞ്ഞുങ്ങളുടെ വിശ്വാസവളർച്ചയിൽ സഹായിക്കുന്ന മിനിസ്ട്രിയാണ് കിഡ്സ് മിനിസ്ട്രി. ആ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടന്ന ബൈബിൾ

പാരായണമാണ്. ജൂലൈ 30, 31, ആഗസ്റ്റ് 1, 2, 3 എന്നീ തീയതികളിലാണ് ഈ പ്രോഗ്രാം നടത്തപ്പെട്ടത്.

### നൈറ്റ് വിജിൽ

ജീസസ് യൂത്ത് സോണിനുവേണ്ടിയും പ്രത്യേക നിയോഗങ്ങൾക്കായും പ്രാർത്ഥിക്കാനായി ആഗസ്റ്റ് 6 ന് ജീസസ് യൂത്ത് കോഴിക്കോട് ഇൻസ്ട്രക്ഷൻസ് മിനിസ്ട്രി നടത്തിയ നൈറ്റ് വിജിൽ അനേകർക്ക് അനുഗ്രഹത്തി ന്റെ രാത്രി ആയിരുന്നു.

### അഖണ്ഡ ജപമാല

ജീസസ് യൂത്ത് സോണൽ സർവ്വീസ് ടീം സ്വർഗ്ഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് ആഗസ്റ്റ് 14 വൈകുന്നേരം 6 മണി മുതൽ ആഗസ്റ്റ് 15 വൈകുന്നേരം 7 മണി വരെ 24 മണിക്കൂർ ജപമാലചൊല്ലി പ്രാർത്ഥിച്ചു. 300 ൽ അധികം ആളുകൾ സംബന്ധിച്ച ജപമാല ഏറെ അനുഗ്രഹദായകമായിരുന്നു. ഫാ. അലക്സ് പനച്ചിക്കൽ അച്ചനാണ് ജപമാല ഉദ്ഘാടനം ചെയ്തത്. ഫാ. സൈമൺ വള്ളോപ്പിള്ളി അച്ചന്റെ ആശീർവാദത്തോടെ ജപമാല അവസാനിപ്പിച്ചു.

### Acts 29 - Theme Prolife

യുവജനങ്ങളുടെ ഇടയിൽ ദൈവരാജ്യ പ്രഖ്യാപനം നടത്തുന്ന മിനിസ്ട്രിയാണ് ക്യാമ്പസ് മിനിസ്ട്രി. ആഗസ്റ്റ് 15 ന് ജീവന്റെ വിലയെപ്പറ്റി സംസാരിക്കുന്ന Prolife ആയിരുന്നു Programme theme.

### Kids Ministry

കുഞ്ഞുമക്കളുടെ ഇടയിൽ ദൈവിക ചൈതന്യം വളർത്തുന്നതിന് സഹായിക്കുന്ന മിനിസ്ട്രിയാണിത്. ജൂലൈ 25 ന് പുതിയ കിസ്സ് മിനിസ്ട്രി രൂപീകരിച്ചു. റോസ് ദിയാന വർഗ്ഗീസ് ആണ് കോർഡിനേറ്റർ അൽ ഫോൻസ പി.ജെ ആണ് അസിസ്റ്റന്റ് കോർഡിനേറ്റർ സെബിൻ സെബാസ്റ്റ്യൻ, ജോൺ പോൾ ജെയ്സൺ, നീതു സെബാസ്റ്റ്യൻ, സാവിയോ സിബി, ശിൽപ ബിനോയ്, അലീറ്റ ഷിബു, ജസ്റ്റിൻ പി. കുര്യൻ, ജൂലി ജസ്റ്റിൻ തുടങ്ങിയവരാണ് മറ്റ് അംഗങ്ങൾ.

### സോണൽ ഗാതറിംങ്ങ്

ഒരു സോൺ മുഴുവൻ ഒന്ന് ചേർന്ന് പ്രാർത്ഥിക്കുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും നിർദ്ദേശങ്ങൾ പറയുകയും ചെയ്യുന്ന സ്ഥലമാണ് സോണൽ ഗാതറിംങ്ങ്. മാസത്തിന്റെ അവസാന ഞായറാഴ്ചയാണ് സോണൽ ഗാതറിംങ്ങ് നടത്തുന്നത്.

### ഫാമിലി മിനിസ്ട്രി

ജീസസ് യൂത്ത് കുടുംബകൂട്ടായ്മയാണ്. കുടുംബങ്ങളിൽ ഈശോയുടെ സ്നേഹം വളർത്തുന്നതിന് ഈ കൂട്ടായ്മ സഹായകമാകുന്നു. ആഗസ്റ്റ് 15 ന് ഫാമിലി മീറ്റിംങ്ങ് നടത്തപ്പെട്ടിരുന്നു. ആഗസ്റ്റ് 21-ാം തീയതി ഫാമിലി ഇൻസ്ട്രക്ഷൻ നടത്താൻ തീരുമാനിച്ചു.

### സ്റ്റഡി ഗ്രൂപ്പ്

ജീസസ് യൂത്ത് ഫോർമേഷൻ കൃത്യമായി നടക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ അനുഗ്രഹത്തോടെ ലഭിക്കന്നതിനും ഒരുമിച്ച് കൂടുന്ന കൂട്ടായ്മയാണ് സ്റ്റഡി ഗ്രൂപ്പ്. എല്ലാ ബുധനാഴ്ചയും രാത്രി 7.30 മുതൽ 9 വരെയാണ് നടത്തപ്പെടുന്നത്.

### ഹൗസ്ഹോൾഡ് മീറ്റിംഗ്

ഒരു സ്ഥലത്തുള്ള എല്ലാ ജീസസ് യൂത്തും ഒന്നിച്ച്കൂടി പ്രാർത്ഥിക്കുന്നതാണ് ഹൗസ്ഹോൾഡ് ഗാതറിംങ്ങ്. മലപ്പുറം, തിരുവമ്പാടി, കോഴിക്കോട് സിറ്റി, കൂരാച്ചുണ്ട് എന്നിങ്ങനെ നാല് ഹൗസ്ഹോൾഡ് ആണ് കോഴിക്കോട് സോണിന് ഉള്ളത്.

### ജീസസ് ആർമി പ്രെയർ ഗ്രൂപ്പ്സ്

ജീസസ് യൂത്ത് സമർപ്പണം/പുനഃസമർപ്പണം നടത്തിയ ജീസസ് യൂത്ത് എല്ലാവരും 15 ഗ്രൂപ്പുകളായി തിരിഞ്ഞു. അവരുടെ ഒത്തുചേരലാണ് ഈ പ്രാർത്ഥനാ ഗ്രൂപ്പ്.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
ഡയറക്ടർ, ജീസസ്സ് യൂത്ത്

## എ.കെ.സി.സി

### രൂപത എക്സിക്യൂട്ടിവ് യോഗം

08.08.21 ന് ഓൺലൈൻ രൂപത എക്സിക്യൂട്ടിവ് യോഗം ചേർന്നു. ക്രൈസ്തവ വിശ്വാസത്തെ അവഹേളിക്കുന്ന സിനിമാ നിർമ്മാണങ്ങൾ അവസാനിപ്പിക്കണമെന്ന് രൂപതാ സമിതി ആവശ്യപ്പെട്ടു.

### പൾസ് ഓക്സിമീറ്റർ വിതരണം

ഗ്ലോബൽ സമിതിയിൽ നിന്ന് ലഭിച്ച 100 പൾസ് ഓക്സിമീറ്ററുകൾ വിവിധ മേഖലകളിൽ വിതരണം ചെയ്യുകയും രോഗികൾക്ക് ആവശ്യാനുസരണം എത്തിച്ചു നൽകുകയും ചെയ്തു.

### വനം വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തി

വനംവകുപ്പും വന്യജീവികളും ആയി ബന്ധപ്പെട്ട് മലയോരകർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത പ്രതിനിധികൾ വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രനുമായി ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു.കോഴിക്കോട് ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം, ജണ്ട കെട്ടൽ, ഇഎഫ്എൽ നഷ്ടപരിഹാരം, ബഫർ സോൺ, ഇ എസ് എ, മൃഗസംഖ്യ നിയന്ത്രണം, ജോയിന്റ് സർവ്വേ, മൃഗ

ങ്ങൾ നശിപ്പിക്കുന്ന കൃഷിയുടെ നഷ്ടപരിഹാരം, വിളനാശ ഇൻഷുറൻസ് തുടങ്ങി വിവിധങ്ങളായ പ്രശ്നങ്ങൾ സമിതി വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തി. പ്രശ്നങ്ങളും നിർദ്ദേശങ്ങളും മന്ത്രി അനുഭാവപൂർവ്വം ശ്രവിക്കുകയും, തുടർന്ന് അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിർദേശങ്ങളും പരിഹാരമാർഗങ്ങളും ശാശ്വതമായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും മന്ത്രി വിശദീകരിക്കുകയും ചെയ്തു. കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപത പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിൽ, ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി ഫാ. ആന്റണി കൊഴുവനാൽ, പ്രൊഫ. ജോബ് കാട്ടൂർ, ശ്രീ. സെബാസ്റ്റ്യൻ വാമറ്റത്തിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

### ഗ്ലോബൽ വർക്കിങ് കമ്മറ്റിയോഗം

14.08.21 ന് തൃശ്ശൂരിൽ നടന്ന ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ രൂപതയിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഗ്ലോബൽ സെക്രട്ടറി ശ്രീ. ബേബി പെരുമാലിൽ, ജനറൽ സെക്രട്ടറി ശ്രീ. അനീഷ് വടക്കേൽ എന്നിവർ പങ്കെടുത്തു.

### ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യ സമര സേനാനിയെ ആദരിച്ചു

കത്തോലിക്കാ കോൺഗ്രസ് സീനിയർ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ശ്രീ. E.D ഫ്രാൻസിസിനെ മാവൂർ ഇടവകയിലെ അദ്ദേഹത്തിന്റെ ഭവനത്തിൽ വച്ച് ആദരിച്ചു. ആഗസ്റ്റ് 15ന് നടന്ന ചടങ്ങിൽ രൂപത വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ആദരസൂചകമായി ഫലകം കൈമാറി. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, പ്രസിഡൻറ് ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ പൊന്നാട അണിയിച്ച് ആദരിച്ചു.

ഗ്ലോബൽ സെക്രട്ടറി ശ്രീ. ബേബി പെരുമാലിൽ, ജനറൽ സെക്രട്ടറി ശ്രീ. അനീഷ് വടക്കേൽ, വൈസ് പ്രസിഡന്റ് ശ്രീ. തോമസ് മുണ്ടപ്ലാക്കൽ, എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷാജി കണ്ടത്തിൽ, ഫൊറോന പ്രസിഡന്റ് ശ്രീ. ചാക്കോ കാട്ടാംകോട്ടിൽ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. സക്കറിയ തുടങ്ങിയവരും കുടുംബാംഗങ്ങളും പങ്കെടുത്തു.

### ഗ്ലോബൽ ലെഗേറ്റ് മാർ റെമിജിയോസ് പിതാവിന് ജന്മദിനാശംസകൾ നേർന്നു

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ ജന്മദിനത്തിൽ രൂപത സമിതി അംഗങ്ങൾ രൂപതാഭവനിൽ വെച്ച് ജന്മദിനാശംസകൾ നേർന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
അസി. ഡയറക്ടർ

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

**മരിയൻ പ്രോ ലൈഫ് സമിതി വിലാപദിനമാചരിച്ചു**

ഗർഭഛിദ്രം നിയമവിധേയമാക്കിയ എംടിപി ആക്ട് നിലവിൽ വന്നിട്ട് 50 വർഷം തികയുന്ന ഇന്നലെ താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് വിലാപദിനമായി ആചരിച്ചു. ഗർഭാവസ്ഥയിലുള്ള കുഞ്ഞുങ്ങളെ നിഷ്കരുണം വധിക്കാൻ ഡോക്ടർമാർക്ക് നിയമപരമായി അധികാരം നൽകുന്നതായിരുന്നു നിയമം.

50 വർഷത്തിനിടയിൽ കോടിക്കണക്കിനു കുഞ്ഞുങ്ങളാണ് വധിക്കപ്പെട്ടത് എന്ന് തിരുവമ്പാടി ഫൊറോന വികാരി ഫാ. ജോസഫ് ഓലിയക്കാട് അനുസ്മരിച്ചു. ദൈവിക നീതിയിലുള്ള മനുഷ്യന്റെ രക്തപങ്കിലമായ ഇടപെടലാണ് ഭ്രൂണഹത്യ എന്ന് താമരശ്ശേരി രൂപത പ്രോ-ലൈഫ് മൂവ്മെന്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അഭിപ്രായപ്പെട്ടു.

നിഷ്കരുണം വധിക്കപ്പെടുന്ന പിഞ്ചുകുഞ്ഞുങ്ങൾക്കും മരിക്കുന്ന അമ്മമാർക്കും പ്രണാമങ്ങളർപ്പിച്ചുകൊണ്ട് നടത്തിയ മെഴുതിരി സംഗമത്തിന് കെസിബിസി പ്രോ-ലൈഫ് രൂപത പ്രിസിഡന്റ് സജീവ് പുരയിടത്തിൽ, സമിതി സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടം, രൂപത സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ തുടങ്ങിയവർ നേതൃത്വം നൽകി. തോമാച്ചൻ പുത്തൻപുരക്കൽ, തങ്കച്ചൻ പുരയിടം, വിനോദ് വെട്ടത്ത്, മനോജ് കുഴിമണ്ണിൽ, ബിനു ജോസ്, പ്രിൻസ് തിനംപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്

# ഇൻഫാം

**കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു**

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ രണ്ടു മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപെട്ട കോഴികുഞ്ഞുങ്ങളെ രണ്ടുഘട്ടമായി വിതരണം ചെയ്തു. ഏകദേശം മുന്നൂറിൽ കൂടുതൽ കുടുംബങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങളെ (10 കുഞ്ഞുങ്ങൾ വീതം) നല്കി.

ആദ്യഘട്ടത്തിൽ 200 ഉം രണ്ടാമത്തെ ഘട്ടത്തിൽ നൂറിൽ കൂടുതലും യൂണിറ്റ് കുഞ്ഞുങ്ങളെ രൂപതയിലെ വിവിധ ഇടവകകളിൽ വിതരണം ചെയ്തു. (3300)

കോഴിമുട്ടയുടെ കാര്യത്തിലും കോഴിയി റച്ചിയുടെ കാര്യത്തിലും കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുക എന്നുള്ളതാണ് മുട്ടക്കോഴി വിതരണത്തിലൂടെ ഇൻഫാം ലക്ഷ്യം വെക്കുന്നത്

## കൊക്കോ തൈകൾ വിതരണം ചെയ്തു

താമരശ്ശേരി രൂപത ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ അത്യുല്പാദനശേഷിയുള്ള കൊക്കോ തൈകൾ വിതരണം ചെയ്തു. കാഡ്ബറീസ് കമ്പനിയുമായി ചേർന്നാണ് ഇൻഫാം പ്രസ്തുത വിതരണം നിർവഹിച്ചത്. രൂപതയിലെ വിവിധ ഇടവകകളിൽ മുൻകൂട്ടി ലഭിച്ച ഓർഡർ പ്രകാരം 6000 ൽ കൂടുതൽ കൊക്കോ തൈകൾ വിതരണം ചെയ്യാൻ സാധിച്ചു. കാർഷിക ഉൽപ്പന്നങ്ങളുടെ  വിലത്ത കർച്ച മൂലവും വന്യമൃഗ ആക്രമണങ്ങൾ മൂലവും നട്ടംതിരിയുന്ന കർഷകർക്ക്  ഒരു ആശ്വാസമായി സ്ഥിരവരുമാനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇൻഫാം പ്രസ്തുത കൊക്കോ തൈ വിതരണം നടത്തുന്നത്

## ചിങ്ങം 1 – കർഷക അവകാശദിനമായി ആചരിച്ചു

താമരശ്ശേരി: ദേശീയ കർഷക സംഘടനയായ ഇൻഫാമിന്റെനേതൃത്വത്തിൽ ചിങ്ങം 1 കർഷക അവകാശ ദിനമായി ആചരിച്ചു. താമരശ്ശേരി രൂപതാധ്യക്ഷനും ഇൻഫാം ദേശീയ രക്ഷാധികാരിയുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ  കർഷക അവകാശ ദിനം ഉദ്ഘാടനം ചെയ്തു. വന്യമൃഗ ശല്യത്തിന്റെയും കാർഷിക വിലത്തകർച്ചയുടെയും പശ്ചാത്തലത്തിൽ ഇപ്രാവശ്യവും ചിങ്ങം1 കർഷകർക്ക് കണ്ണീർ ദിനമാണെന്ന് പിതാവ് ചൂണ്ടിക്കാട്ടി. 'കർഷകനെ രക്ഷിക്കൂ നാടിനെ രക്ഷിക്കൂ' എന്ന മുദ്രാവാക്യത്തിന് ഇന്ന് പ്രസക്തി ഏറെയാണെന്ന് അദ്ദേഹം പറഞ്ഞു. കർഷകരെ രക്ഷിക്കാനും അവരുടെ പ്രശ്നങ്ങൾ പഠിക്കാനും എത്രയുംവേഗം ഒരു കമ്മീഷനെ നിയമിക്കണമെന്ന് പിതാവ്  സർക്കാരിനോട് അഭ്യർത്ഥിച്ചു. കാർഷിക കടങ്ങൾ എഴുതിത്തള്ളാനും കർഷകർക്ക് 10000 രൂപ പെൻഷൻ നൽകാനും സർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വനാതിർത്തിയിൽ  ആനമതിൽ നിർമ്മിക്കുക, കുരങ്ങ്, പന്നി  എന്നിവയെ ക്ഷുദ്ര ജീവികൾ ആയി പ്രഖ്യാപിക്കുക, സീറോ ബഫർസോൺ പ്രഖ്യാപിക്കുക, കർഷക ക്ഷേമനിധി നടപ്പിലാക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ കർഷക പ്രതിനിധികൾ ഉന്നയിച്ചു. ഇൻഫാം ദേശീയ സെക്രട്ടറി മോൺ. ആന്റണി കൊഴുവനാൽ, ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ജോസഫ് കളത്തിൽ, കർഷക പ്രതിനിധികളായ ബേബി പെരുമാലിൽ, ജിജി കൊച്ചുതൊട്ടിയിൽ, ബേബി പഴംപ്ലാക്കൽ, ജോസ് പുത്തൻപുരയ്ക്കൽ, ജോണി കുളങ്ങരത്തൊട്ടിയിൽ എന്നിവർ പങ്കെടുത്തു.

## ഇൻഫാം ഡയറക്ടറും സംഘവും കൃഷിയിടങ്ങൾ സന്ദർശിച്ചു

പെരുവണ്ണാമുഴി വനത്തിൽ നിന്നുമിറങ്ങി ഒറ്റയാൻ കാട്ടാനയുടെ പരാക്രമം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നു. കർഷകർ അധ്വാനിച്ചു വളർത്തിയ

തെങ്ങുകളും വാഴയും കമുങ്ങുമെല്ലാം നശിപ്പിച്ചിട്ടിരിക്കുന്നത് ഹൃദയഭേദക കാഴ്ചയാണ്.

കൃഷിനാശമുണ്ടായ മേഖലകളിൽ ഇൻഫാം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, അസി. ഡയറക്ടർ ഫാ. ജോസഫ് കളത്തിൽ എന്നിവർ സന്ദർശനം നടത്തി. കർഷക നേതാവ് സെമിലി സുനിൽ ഒപ്പമുണ്ടായിരുന്നു. അമ്മിയാംമണ്ണിലെ കുമ്പിടിയാങ്കൽ സ്കറിയ, പെരുവണ്ണാമൂഴി പൈകയിൽ ബാബു എന്നിവരുടെ നശിപ്പിക്കപ്പെട്ട കൃഷിസ്ഥലങ്ങളാണ് സംഘം സന്ദർശിച്ചത്. പെരുവണ്ണാമൂഴി ഫാത്തിമാ മാതാ പള്ളി വികാരി ഫാ. മാത്യു തകിടിയേലും സംഭവസ്ഥലത്ത് എത്തിയിരുന്നു.

പെരുവണ്ണാമൂഴി മേഖലയിലെ വന്യമൃഗശല്യത്തിനു ശാശ്വത പരിഹാരം വേണമെന്നു ഇൻഫാം രൂപതാ സാരഥികളായ ഫാ. ജോസ് പെണ്ണാപറമ്പിലും ഫാ. ജോസഫ് കളത്തിലും അഭിപ്രായപ്പെട്ടു.

അസോസിയേറ്റ് ഡയറക്ടർ
**ഫാ. ജോസഫ് കളത്തിൽ**

ഡയറക്ടർ, ഇൻഫാം
**ഫാ. ജോസ് പെണ്ണാപറമ്പിൽ**

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

രൂപതാ തലത്തിൽ തിരഞ്ഞെടുത്ത 300 പേരെ ഉൾപ്പെടുത്തി ജൂലായ് 25ന് ഞായറാഴ്ച വിൻസെന്റ് ഡിപോൾ സൊസൈറ്റി വെബിനാർ നടത്തുകയുണ്ടി.

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത വെബിനാറിൽ ബ്രദർ ലിന്റോ പാലത്തിങ്കൽ ക്ലാസ്സ് എടുത്തു. കേരള ഹൈക്കോടതി വക്കീലായ അദ്ദേഹത്തിന്റെ ക്ലാസ്സ് എല്ലാവർക്കും ഒരു പുതിയ കാഴ്ചപ്പാട് ലഭിക്കുന്നതിന് സഹായിച്ചു. അതിനാൽ വെബിനാറിൽ നടന്ന ക്ലാസ്സ് മറ്റുള്ളവർക്കും കേൾക്കുന്നതിനായി റെക്കാർഡ് ചെയ്ത് യൂടൂബിൽ അപ്ലോഡ് ചെയ്യുകയുണ്ടായി.

കോവിഡ് സാഹചര്യം സജീവമായി നിൽക്കുന്നതിനാൽ കോൺഫ്രൻസുകൾ ഒരുമിച്ച് ചേരാൻ സാധിക്കുന്നില്ല എങ്കിലും പാവപ്പെട്ടവരുടെ എല്ലാ കാര്യങ്ങളും പ്രത്യേകിച്ച് ചികിത്സാ സഹായം, ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം എന്നിവ കൃത്യമായി നൽകി വരുന്നു. കഴിഞ്ഞ 4 മാസത്തിനകം ഏപ്രിൽ മുതൽ ജൂലായ് വരെ ഏകദേശം 60 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു.

തിരുവമ്പാടി സ്നേഹാലയത്തിലെ അന്തേവാസികളുടെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനായി ഏകദേശം 4 ലക്ഷം രൂപയുടെ ജോലികൾ സ്നേഹാലയത്തിൽ നടത്തുകയുണ്ടായി.

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ കേരളാ ഘടകം വനിതാ വിഭാഗം നടത്തിയസെമിനാറിൽ താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് വനിതാ അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. ബൈബിൾ പാരായണവും പ്രാർത്ഥനയിലും വനിതാ വിഭാഗം സജീവമായി പങ്കെടുക്കുന്നുണ്ട്.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
CC പ്രസിഡന്റ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

# കരിസ്മാറ്റിക് മൂവ്മെന്റ്

2021 ജൂലൈ 22 ന് ഗൂഗിൾ മീറ്റിലൂടെ സർവ്വീസ് ടീം കൂടി പ്രാർത്ഥിക്കുകയും, വരും ദിവസങ്ങളിൽ നടക്കേണ്ട പ്രോഗ്രാമുകൾക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. 26-ാം തീയതി വൈകീട്ട് 8.30 മുതൽ ഗൂഗിൾ മീറ്റിലൂടെ കോഴിക്കോട് സോണിലെ യൂത്ത് അഡ്ഹോക്ക് കമ്മറ്റി കൂടി. കെ.സി.എസ്സ്.സി കോർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി അച്ചനും, സർവ്വീസ് ടീമംഗങ്ങളുടേയും സാന്നിധ്യം ഉണ്ടായിരുന്നു. ഓരോ സബ്സോണിൽ നിന്നും യൂത്ത് പ്രതിനിധികളും, സോണൽ സർവ്വീസ് ടീമംഗങ്ങളും ഉണ്ടായിരുന്നു. തിരുസഭ ഉറ്റുനോക്കുന്ന യുവജനങ്ങൾക്ക് ഉണ്ടെന്ന് ബഹു. ജോസഫ് താമരവെളിയച്ചൻ ഓർമ്മപ്പെടുത്തി. അതിനായി 35 വയസ്സിനു താഴെയുള്ളവരുടെ സർവ്വീസ്ടീമും, സോണൽ ആനിമേറ്ററും, കോർഡിനേറ്ററും, സിസ്റ്റർ ആനിമേറ്ററും ഉണ്ടാവേണ്ടതാണ്.

ട്രെയിനിംഗ് കഴിഞ്ഞവർക്കായി സുവിശേഷവൽക്കരണത്തെ ആസ്പദമാക്കി സിബി മംഗലത്ത് കരോട്ട് ഗൂഗിൾമീറ്റിലൂടെ ജീവിതാനുഭവം പങ്കുവച്ചു. ജോലി ഉപേക്ഷിച്ച് കർത്താവിനുവേണ്ടി മുഴുവൻ സമയവും ശുശ്രൂഷ ചെയ്യുമ്പോൾ കർത്താവ് ചെയ്ത വൻകാര്യങ്ങൾ വിവരിച്ചു. കൈയ്യിൽ ഒന്നുമില്ലായ്മയിൽ, ഭാഷ അറിയില്ല, എന്നിട്ടും കർത്താവ് ചൈനയിൽ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ സാധിച്ച കാര്യങ്ങൾ വിവരിച്ചത് വലിയ അനുഭവമായിരുന്നു. 1 കോറി. 9:16 വചനം വ്യാഖ്യാനിച്ചുകൊണ്ട് നമ്മുടെ ദുരിങ്ങൾക്ക് കാരണം വ്യക്തമാക്കി. ആറുമക്കളും, ഭാര്യയും അടങ്ങുന്ന കുടുംബത്തെ കർത്താവ് അത്ഭുകരമായി പരിപാലിക്കുന്നു.

29-ാം തീയതി പ്രാർത്ഥനാ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ, സോൺ മുഴുവനുവേണ്ടിയും, സബ്സോണുകളിൽനിന്നും, ഇടവകകളിൽ നിന്നും, വ്യക്തികളിൽനിന്നുമായി

94 അപേക്ഷകൾ കോശികമ്മീഷന് നൽകി. താമസിച്ച് ആണെങ്കിലും ഹിയറിംങ്ങിന് അപേക്ഷ നൽകി. 31-ാം തീയതി കരുണയുടെ ജപമാല സമാപനത്തിൽ ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചനും, കോർഡിനേറ്റർ ജോൺ സാറും നേതൃത്വം നൽകി. 25,000 കരുണയുടെ ജപമാല കാഴ്ചവെയ്ക്കാൻ സാധിച്ചു. ആഗസ്റ്റ് 2 ന് കോർഗ്രൂപ്പു കൂടി എല്ലാവരും വ്യക്തിപരമായും, ശുശ്രൂഷ മേഖലയും ഷെയർ ചെയ്തു പ്രാർത്ഥിച്ചു.

എല്ലാ സബ്സോണുകളിലും മുടക്കം കൂടാതെ ആഴ്ചതോറും കൂട്ടായ്മകൾ നടക്കുന്നു. ആഗസ്റ്റ് 10 എൽഎസ്എസ് കൂട്ടായ്മ പൂർത്തിയാക്കിയവർക്കുവേണ്ടി ബഹു. ശാന്തി അച്ചൻ ഗൂഗിൾ മീറ്റിലൂടെ രാത്രി 8 മണി മുതൽ 9.30 വരെ ക്ലാസ്സെടുത്തു. വിശ്വാസം, ശരണം, ഉപവി എന്നിവയിൽ ആഴപ്പെട്ട് വേരുറക്കുന്നതിനെക്കുറിച്ച് ഓർമ്മപ്പെടുത്തി. അതിനായി ദിവസവും വചനം വായിക്കുകയും, ധ്യാനിക്കുകയും, കൂദാശ സ്വീകരിക്കുകയും ആവശ്യമാണ്. എല്ലാ ദിവസവും ഉറങ്ങുന്നതിനുമുമ്പ് ആത്മശോധന ചെയ്ത് ദൈവത്തോടുള്ള വിശ്വസ്ത വിലയിരുത്തണം. അങ്ങനെ ആതമീയ പക്വതയിലേക്ക് വളണം.

18.8.21 മുതൽ രാത്രി 8 മുതൽ 10 വരെ ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ നേതൃത്വത്തിൽ കോഴിക്കോട് സിറ്റിലേയും തോട്ടുമുക്കത്തെയും ദമ്പതികൾക്കായി ധ്യാനം നടന്നു. ആദ്യദിവസം 78 ദമ്പതികൾ പങ്കെടുത്തു. 19-ാം തീയതി ധ്യാനം സമാപിച്ചപ്പോൾ വലിയ സന്തോഷവും സംതൃപ്തിയും ദമ്പതകിൾക്ക് അനുഭവിക്കാനായി. ധ്യാനം സംഘടിപ്പിച്ച കപ്പിൾസ് മിനിസ്ട്രിക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

നടന്നുകൊണ്ടിരിക്കുന്ന എൽഎസ്എസ് ട്രെയിനിംഗിന്റെ ഭാഗമായി കൂടുതൽ പുതിയ ഗ്രൂപ്പുകൾക്ക് ട്രെയിനിംഗ് കൊടുക്കാൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ



# അജപാലനക്കുറിപ്പുകൾ

**ആഗസ്റ്റ്**

1 രാവിലെ, ചേവരമ്പലം ക്രിസ്തുദാസി സന്ന്യാസിനികളുടെ ഹോം ഓഫ് ലവ് കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

രൂപതാഭവനിൽ, കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ സി.ഒ.ഡി. സംഘടിപ്പിച്ച മെഡിക്കൽ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.

താമരശ്ശേരി ചാവറ ആശുപത്രിയിൽ, കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ സി.ഒ.ഡി. സംഘടിപ്പിച്ച മെഡിക്കൽ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.

2 രാവിലെ, കൂരാച്ചുണ്ട് ഫൊറോനാ ദൈവാലയത്തിൽ തിരുഹൃദയ സന്യാസിനി സമൂഹത്തിലെ പരേതയായ സി. സെലിഗ്വരിൻ ട്രീസയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ചക്കിട്ടപാറ ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിനുൾപ്പെടെ 3 കുട്ടികൾക്ക് പ്രാരംഭകൂദാശകൾ നൽകി.

2 – 6 കുളത്തുവയൽ എൻ.ആർ.സി. ധ്യാനകേന്ദ്രത്തിൽ താമസിച്ചുകൊണ്ട് കെ.സി.ബി.സി. മെത്രാൻമാർക്കായി നടത്തിയ ഓൺലൈൻ ധ്യാന ത്തിൽ പങ്കെടുത്തു.

7 രാവിലെ, ചെമ്പുകടവ് ഇടവക ദൈവാലയത്തിൽ ഏതാനും കുട്ടിക ളുടെ ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

വൈകുന്നേരം, ജീവൻ സംരക്ഷണ പ്രസ്ഥാനമായ ഹോളി ഹോം ആരംഭിച്ച മതബോധന പരിപാടിയായ 'മിസ്സിയോ' ഓൺലൈ നായി ഉദ്ഘാടനം ചെയ്തു.

8 രാവിലെ, ചേവായൂർ പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

9 രാവിലെ, ഓൺലൈനായി നടത്തിയ ഇൻഫാം ദേശീയ നിർവ്വാഹക സമിതിയുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

10 രാവിലെ, അമ്പായത്തോട് എഫ്.സി.സി. സ്നേഹഭവൻ കപ്പേളയിൽ വി. ക്ലാര പുണ്യവതിയുടെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഫ്രാൻസിസ്കൻ ഹാൻഡ്മെയ്ഡ്സ് ഓഫ് ദ ഗുഡ് ഷെപ്പേർഡ് സന്യാ

സിനീ സമൂഹത്തിന്റെ പുതിയ സുപ്പീരിയർ ജനറൽ സി. ഡെയ്സിയെ രൂപതാ ഭവനിൽ സ്വീകരിച്ചു.

ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ലിസറ്റയേയും കൗൺസിലേഴ്സിനെയും രൂപതാഭവനിൽ സ്വീകരിച്ചു.

11 രാവിലെ, തൃശ്ശൂർ ആർത്താറ്റ് സെന്റ് ലൂസിയ ശിശുഭവൻ കപ്പേളയിൽ മാർ ജേക്കബ് തൂങ്കുഴി പിതാവ് നേതൃത്വം നൽകിയ, ക്രിസ്തുദാസി സമൂഹത്തിലെ ഏതാനും സന്യാസിനിമാരുടെ പ്രഥമ വ്രതവാഗ്ദാന ശുശ്രൂഷകളിൽ പങ്കെടുത്തു.

വൈകുന്നേരം, ഓൺലൈനായി നടത്തിയ എ.കെ.സി.സി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

12 ഉച്ചകഴിഞ്ഞ്, ഓൺലൈനായി നടത്തിയ ദൈവാലയ ശുശ്രൂഷികളുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

13 രാവിലെ, മിസ്സിസാഗ രൂപതയിലെ എ.കെ.സി.സി. യൂണിറ്റ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

14 രാവിലെ, തൃശ്ശൂർ മറ്റം ഇടവക ദൈവാലയത്തിൽ ഒരു കുട്ടിയുടെ ആദ്യ കുർബ്ബാന സ്വീകരണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, തൃശ്ശൂർ അതിരൂപത പാസ്റ്ററൽ സെന്ററിൽ എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയെ അഭിസംബോധന ചെയ്തു.

15 രാവിലെ, താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് റാസ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിപ്ലോമ കോഴ്സ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

16-27 ഓൺലൈനായി നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

16 രാവിലെ, താമരശ്ശേരി കാരാടിയിൽ ഒരു കട ഉദ്ഘാടനം ചെയ്തു. ക്രിസ്തുദാസി സന്യസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സി. ടീനയെയും ടീമംഗങ്ങളെയും രൂപതാഭവനിൽ സ്വീകരിച്ചു.

17 രാവിലെ, അൽഫോൻസ മൈനർ സെമിനാരി കപ്പേളയിൽ വൈദിക വിദ്യാർത്ഥികൾക്കായി വി. കുർബാനയർപ്പിക്കുകയും തുടർന്ന് ക്ലാസ്സെടുക്കുകയും ചെയ്തു.

താമരശ്ശേരിയിൽ ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ചിങ്ങം ഒന്നിനോടനുബന്ധിച്ച് സംഘടിപ്പിച്ച 'കർഷക അവകാശദിനാചരണം' ഉദ്ഘാടനം ചെയ്തു.

രൂപതാഭവനിൽ സ്റ്റാർട്ടിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിന് അദ്ധ്യക്ഷ്യം വഹിച്ചു.

ഉച്ചകഴിഞ്ഞ്, കൂടത്തായി ഇടവകയിൽ പരേതയായ പന്തേനാൽ ഏലിക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

18 രാവിലെ, അൽഫോൻസ ഭവൻ കപ്പേളയിൽ ഡിഗ്രി വൈദികവിദ്യാർത്ഥികൾക്കായി വി. കുർബാനയർപ്പിച്ചു.

മരുതോങ്കര ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു.

19 രാവിലെ, മുക്കം ഇടവക ദൈവാലയത്തിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

20 രാവിലെ, തിരുവമ്പാടി ഇലഞ്ഞിക്കൽ ദേവീ ക്ഷേത്രത്തിൽ ജ്ഞാനതീർത്ഥ സ്വാമികളുടെ നേതൃത്വത്തിൽ ആരംഭിച്ച ആശ്രമ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തു.

സി.എഫ്.ഐ.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ ഫാ. മാത്യു പാറയിലിനെ രൂപതാഭവനിൽ സ്വീകരിച്ചു.

21 രാവിലെ രൂപതാഭവനിൽ നടന്ന ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു.

22 രാവിലെ, എം.എസ്.എം.ഐ. പാറോപ്പടി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാന അർപ്പിച്ചു.

1976 എസ്.എസ്.എൽ.സി. ബാച്ച് ഓൺലൈനായി നടത്തിയ ഓണാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓൺലൈനായി നടത്തിയ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

23 രാവിലെ ചാവറ ആശുപത്രി കപ്പേളയിൽ വി. റോസ പുണ്യവതിയുടെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

25 രാവിലെ, കൂരാച്ചുണ്ട് ദൈവാലയത്തിൽ തിരുഹൃദയ സന്യാസിനി സമൂഹാംഗം പരേതയായ സി. ഫ്രാൻസിസ് കബ്രിനിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

26 രാവിലെ, പുതുപ്പാടി ഫിലിപ്പ് നേരി സമൂഹം താമരശ്ശേരിയിൽ ആരംഭിച്ചപ്പോൾ ആദ്യമായി വ്രതം സ്വീകരിച്ചവരുടെ രജത ജൂബിലിയോടനുബന്ധിച്ച് സന്യാസിനി ഭവന കപ്പേളയിൽ വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി സമൂഹ ത്തിന്റെ സിനാക്സിസിന്റെ രണ്ടാം ഭാഗം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, രൂപതാഭവൻ അംഗങ്ങൾക്കായി നടത്തിയ മാസധ്യാനത്തിൽ പങ്കെടുത്തു.


27 രാവിലെ, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി ഭവന കപ്പേളയിൽ വി. കുർബ്ബാനയർപ്പിക്കുകയും തുടർന്നു നടന്ന സിനാക്സിസിന്റെ സെഷനിൽ പങ്കെടുക്കുകയും ചെയ്തു.

28 രാവിലെ, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിന്റെ സിനാക്സിസ് സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

രാവിലെ, പാറോപ്പടി ഇടവക ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

29-30 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

31 രാവിലെ, ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.







# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace… Yes, all that is true enough, but it is also a matter of humility, of realizing that we need God… all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents….praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. …They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.


**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well… True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO: 71212/99 | Date of Publication : 31-08-2021 |


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.